0322M941:11 GO SCENCES FROM SHAKESPEARE'S THREE PLAYS CHIDAMBARA VADHYAR

032:2M941:11
G10

M941:11 GO
RA VADHYAR
hakes-
MUL
058582

Madras University Library.

Date Label.

Ac. No. 58582 Cl. No. 032:2M941:1/ Go

This book should be returned on or before the date last marked below.

13—SEP 1948

ശ്രീചൈത്രമഹാരാജഗ്രന്ഥാവലി—നംബർ ൩.

ഷേക്സ്പായർ

മഹാകവിയുടെ

മൂന്നു നാടകരംഗങ്ങൾ.

കെ. ചിദംബരവാധ്യാർ ബി. ഏ.

7 AUG 1930

S. V. Book Depot, Trivandrum.

1930

(*Copy Right*)

തിരുവനന്തപുരം

ബി. വി. ബുക്ക്ഡെപ്പോ പ്രവൎത്തകന്മാൎക്കു വേണ്ടി

തിരുവനന്തപുരം "കമലാലയ" പ്രെസ്സിൽ

അച്ചടിച്ചതു്.

൩-ം പതിപ്പു് കാപ്പി ൧൦൦൦.

൧൧൦൫.

58582
6582
032:2 M94:1
32G0

7 AUG 1930

അവതാരിക

ഷേക്സ്പീയർ മഹാകവിയുടെ നാടകങ്ങളെ എല്ലാം മലയാളഭാഷയിൽ ഗദ്യത്തിൽ എഴുതി മാസംതോറും ഓരോ പൂൎണ്ണമായ നാടകം വീതം ഒരു മാസികപോലെ പ്രസിദ്ധപ്പെടുത്തണം എന്നുദ്ദേശിച്ച് ഞാൻ അവയിൽ അനേകങ്ങളെ മലയാളത്തിൽ എഴുതീട്ടുണ്ട്. അവയെ അച്ചടിച്ചു പ്രചരിപ്പിക്കുന്നതിനു വേണ്ട സഹായം ലഭിക്കാത്തതു നിമിത്തം ഈ ഉദ്യമം ഇതേവരെ സഫലമായില്ല. എന്നു വരികിലും ഇവയിൽ ഏതാനും നാടകങ്ങളിലെ ചില ഭാഗങ്ങൾ മാത്രം ചേൎത്ത് ഒരു ചെറിയ ഗ്രന്ഥമാക്കി ഇപ്പോൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഇവ ജൂലിയസ്സീസർ, മാക്ബെത്, അഥല്ലോ എന്നീ മൂന്നു നാടകങ്ങളിലെ ചില രംഗങ്ങളാണു്. ഈ ഓരോ ഭാഗത്തെയും മനസ്സിലാക്കുന്നതിനു വേണ്ടിടത്തോളംമാത്രം ഓരോന്നിന്റെയും കഥാസംഗ്രഹവും ചേൎത്തിരിക്കുന്നു.

ഈ എന്റെ തൎജ്ജമയെ ആത്മമിത്രമായ മിസ്റ്റർ എം. സി. നാരായണപിള്ള ബി. എ. ഗുണദോഷവിവേചനത്തിനായി സശ്രദ്ധം വായിച്ചു തിരുത്തീട്ടുണ്ട്. ഇദ്ദേഹത്തിന്റെ ഈ വിലയേറിയ സഹായത്തിനായി ഞാൻ അത്യന്തം കൃതജ്ഞൻ ആയിരിക്കുന്നു.

ഗദ്യരൂപത്തിലുള്ള ഈ തൎജ്ജമ ഷേക്സ്പീയരുടെ ആശയത്തെ വിദ്യാൎത്ഥികളുടേയും ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം ഇല്ലാത്ത ഗ്രന്ഥവായനക്കാരുടേയും മനസ്സിൽ

1930

വേണ്ടപോലെ പതിപ്പിക്കാൻ ശക്തമായി തീൎന്നിരിക്കുന്നു എന്ന് എനിക്കു ബോദ്ധ്യം വന്നാൽ ഓരോ നാടകവും മുഴുവനായി ഗ്രന്ഥപ്രകാശകരായ ചിലരുടെ സഹായത്തോടുകൂടി പ്രചരിപ്പിക്കാൻ ഞാൻ ശ്രമിക്കാം.

Trivandrum,
4—1--91. } *K. Chidambara Vadhuar.*

PS. വാഗ്മിതാസാമൎത്ഥ്യം നേടുന്നതിനു ഇതിലുള്ള ചില ഭാഗങ്ങളെ ഏതിസ്ഥമാക്കി പ്രസംഗവേദിയിൽ ചെന്നു പ്രസംഗിച്ചു ശീലിക്കുന്നതു് ഉപയോഗമായിരിക്കും.

——[०]——

ഷേക്സ്പീയർ.

മഹാകവിയുടെ

മൂന്ന നാടകപ്രസംഗങ്ങൾ.

——o——

ജൂലിയസ് സീസർ

——[o]——

കഥാസംഗ്രഹം

ക്രിസ്ത്വബ്ദാരംഭത്തിന്ന അടുത്തു മുമ്പിലുള്ള ശതവൎഷത്തിൽ ജൂലിയസ് സീസർ എന്ന പേരായ ഒരു സൈന്യാധിപതി അനേകം രാജ്യങ്ങളെ ജയിച്ച് റോമാനഗരത്തിന്ന കീഴിലാക്കി ക്രമേണ രാജ്യാധിപതിയായിത്തീൎന്നു. അദ്ദേഹത്തിന്റെ ഉൽകർഷത്തിൽ ഈൎഷ്യാകലുഷിതരായിത്തീൎന്ന ആ നഗരത്തിലെ ചില പ്രമാണപുരുഷന്മാർ, സീസർ ആസ്ഥാനമണ്ഡപത്തിൽ ഇരുന്ന് ജനങ്ങളുടെ സങ്കടങ്ങളെ കേട്ട് തീൎച്ചചെയ്തുകൊണ്ടിരുന്ന ഇടയ്ക്കു, അദ്ദേഹത്തിനെ കുത്തിക്കൊന്നു. ജനസമ്മതനായിത്തീൎന്നിരുന്ന അദ്ദേഹത്തിന്റെ വധം നിമിത്തം ജനങ്ങൾ അവരെ എതിൎത്തു പ്രതീകാരം ചെയ്യും എന്നു ശങ്കിച്ച് ആ ദ്രോഹികളിൽ ഒരു പ്രമുഖനും സീസരുടെ മിത്രവും ആയിരുന്ന ബ്രൂട്ടസ്, അവിടെ ക്ഷണേന കൂടിയ പൌരവൎഗ്ഗത്തെ കണ്ടു്, താനും കൂട്ടുകാരും ചെയ്ത വധ

കൃത്യം ന്യായമാണെന്നു അവരോടു പറഞ്ഞു് ബോദ്ധ്യപ്പെടുത്തി. ഉത്തരക്ഷണത്തിൽ സീസരുടെ ആത്മമിത്രമായിരുന്ന ആന്റൊണി സീസരുടെ ശവസംസ്കാരം ചെയ്വാനായി മാത്രം വന്നിരിക്കുന്നവനാണെന്നു നടിച്ചു് ആ പ്രേതത്തെ എടുപ്പിച്ചുകൊണ്ടു് അവിടെ വന്നു. ബ്രൂട്ടസും കൂട്ടുകാരും വലുതായ രാജദ്രോഹം ചെയ്തവരാണെന്നു് സഹജമായ വാഗ്മിതാവൈശിഷ്ട്യത്താൽ അദ്ദേഹം മുൻപറഞ്ഞ പൗരഗണത്തെത്തന്നെ ബോദ്ധ്യപ്പെടുത്തി, ആ ദ്രോഹികളുടെ ഭവനങ്ങളെ ജനങ്ങൾ സ്വയം തീവച്ചു നശിപ്പിക്കാനും അവരെ വധിക്കാനും ഇടയാക്കി.

——(൦)——

ജൂലിയസ് സീസർ.

മൂന്നാം അങ്കം.

രംഗം ൨. റോമാനഗരി; നീതിസ്ഥാനം

(ബ്രൂട്ടസും കാഷിയസും ഒരു പൗരഗണവും പ്രവേശിക്കുന്നു)

പൗരന്മാർ:— ഞങ്ങൾക്കു സമാധാനം അറിയണം; വധ്യൻ ആയിരുന്നു എന്നു ബോദ്ധ്യപ്പെടുത്തണം.

ബ്രൂട്ടസ്:— എന്നാൽ, എന്നോടൊന്നിച്ചു വരുവിൻ. സ്നേഹിതന്മാരെ! ഞാൻ പറയാൻ പോകുന്നതിനെ ശ്രദ്ധിച്ചു കേൾപ്പിൻ. കാഷിയസ്സേ, അങ്ങു് മറേറ തെരുവിൽ പോവുകതന്നെ. നമുക്കു കൂട്ടത്തെ രണ്ടായി

പിരിക്കാം. നിങ്ങളിൽ ഞാൻ പറയുന്നതു കേൾക്കാൻ മനസ്സുള്ളവർ ഇവിടെ താമസിക്കിൻ; കാഷിയസിനോടൊന്നിച്ചു പോകാൻ മനസ്സുള്ളവർ അങ്ങനെ ചെയ്യിൻ. പൊതുഗുണത്തെ ഉദ്ദേശിച്ച് സീസരെ കൊന്നതാണെന്നുള്ളതിലേക്കുള്ള കാരണങ്ങൾ പരസ്യമായി നിങ്ങളെ ധരിപ്പിക്കാം.

൧-മത്തെ പൗരൻ:—എനിക്കു ബ്രൂട്ടസ് പറയുന്നതു കേൾക്കണം എന്നാണു്.

൨-മത്തെ പൗരൻ:—ഞാൻ കാഷിയസ് പറയുന്നതു് കേൾക്കാം. അവർ രണ്ടുപേരും വെവ്വേറെ പറയുന്ന കാരണങ്ങളെ കേട്ടതിൽ പിന്നെ അവയെ നമുക്കു് ഒത്തുനോക്കാം.

(കാഷിയസ് പൗരന്മാരിൽ ഏതാനുംപേരോടുകൂടി വെളിയിൽ പോയി. ബ്രൂട്ടസ് പ്രസംഗസ്ഥലത്തേക്കു കയറിച്ചെല്ലുന്നു)

൩-മത്തെ പൗരൻ:—മഹാനായ ബ്രൂട്ടസ് പ്രസംഗസ്ഥലത്തു കയറി നിൽക്കുന്നു. നിശ്ശബ്ദമായിരിക്കിൻ

ബ്രൂട്ടസ്:—ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നതുവരെ ക്ഷമിച്ചിരുന്നു് ശ്രദ്ധിച്ചു കേൾപ്പിൻ. റോമാവാസികളേ! സ്വദേശീയരെ! സ്നേഹിതന്മാരെ! സീസറെ കൊല്ലാൻ എന്നെ പ്രേരിപ്പിച്ചതായ കാരണം ഇന്നതാണെന്നു് ഞാൻ പറയാം. അതു നിങ്ങൾ കേൾപ്പിൻ. അതു ശരിയായി കേൾക്കുന്നതിലേക്കായി ലഹള കൂട്ടി ശബ്ദമുണ്ടാക്കാതിരിപ്പിൻ! എൻെറ സദ്വൃത്തിയേയും

മാനത്തേയും വിചാരിച്ച് എന്നെ വിശ്വസിപ്പിൻ. നിങ്ങൾ എന്നെ വിശ്വസിക്കുന്നതിലേക്കായി എന്റെ സദ്വൃത്തിയേയും മാനത്തേയും വേണ്ടുംപോലെ ആലോചിച്ച് ശരിയായി മതിപ്പിൻ! നിങ്ങൾ ബുദ്ധിമാന്മാർ ആണല്ലോ; അതിനാൽ സംഗതിയുടെ ഗുണദോഷങ്ങളെ നിങ്ങൾ നന്നായി വിവേചിച്ചു അറിയത്തക്കവണ്ണം നിങ്ങളുടെ ബുദ്ധിശക്തികളെ ഉണർത്തിച്ച് എന്റെ പ്രവൃത്തിയുടെ ഔചിത്യത്തെപ്പററി വിചിന്തനം ചെയ്യിൻ! സീസരുടെ പ്രിയമിത്രമായി ഈ ആൾക്കൂട്ടത്തിൽ വല്ലവരും ഉണ്ടെങ്കിൽ അയാളോടു ഞാൻ പറയുന്നു:—ബ്രൂട്ടസിന് സീസരുടെ നേക്കുള്ള സ്നേഹം ആ ആൾക്കു, സീസരുടെ നേക്കുള്ളതിൽനിന്ന് അല്പവും കുറഞ്ഞതല്ലാ. അങ്ങനെ ആയിരുന്നാൽ എന്തു കാരണത്തിന്മേൽ ബ്രൂട്ടസ് സീസരെ അഭിദ്രോഹിച്ചു എന്ന് അയാൾ എന്നോടു ചോദിക്കുന്നതായാൽ ഇതാകുന്നു എന്റെ ഉത്തരം: "സീസരിന്റെ നേക്ക് എനിക്കുള്ള സ്നേഹം കുറവാകകൊണ്ടല്ലാ; റോമാനഗരത്തെപ്പററി എനിക്കുള്ള സ്നേഹം കൂടുതലാകകൊണ്ടാകുന്നു." സീസർ മരിക്കയും, തന്നിമിത്തം നിങ്ങൾ എല്ലാവരും ദാസ്യം വിട്ട് സ്വതന്ത്രപുരുഷരായി ജീവിച്ചിരിക്കയും ചെയ്യുന്നതിനെ അപേക്ഷിച്ച്, സീസർ ജീവിച്ചിരിക്കയും നിങ്ങളെല്ലാവരും അടിമകൾ ആയിരിക്കയും ചെയ്യുന്നതാണു് നല്ലതു് എന്നാകുന്നുവോ നിങ്ങൾ വിചാരിക്കുന്നതു്? സീസർ എന്നെ സ്നേഹിച്ചു; അതുകൊണ്ടു് ഞാൻ അദ്ദേഹത്തിന്റെ മരണത്തിൽ കണ്ണുനീരു് വാക്കുന്നു. അദ്ദേഹം ഭാഗ്യവാൻ ആയിരുന്നു; ഞാൻ

ആ ഭാഗ്യദശ കണ്ടു് ആനന്ദിക്കുന്നു. അദ്ദേഹം ശൂരൻ ആയിരുന്നു; അതുകൊണ്ടു ഞാൻ അദ്ദേഹത്തെ ബഹുമാനിക്കുന്നു. എന്നാൽ അദ്ദേഹം ദുൎമ്മോഹിയായിരുന്നു; അതിനാൽ ഞാൻ അദ്ദേഹത്തെ കൊന്നു. അദ്ദേഹത്തിന്റെ സ്നേഹത്തിനായി കണ്ണുനീരു്; അദ്ദേഹത്തിന്റെ ഭാഗ്യത്തിന്നായി ആനന്ദം; അദ്ദേഹത്തിന്റെ ശൌൎയ്യത്തിനായി ബഹുമാനം; അദ്ദേഹത്തിന്റെ ദുൎമ്മോഹത്തിനായി വധം. അടിമക്കെട്ടിൽപ്പെട്ടിരിക്കാൻ മനസ്സുള്ളവരായിരിക്കത്തക്കവണ്ണം അത്രയധികം അല്പനും നീചനും ആയി ആരെങ്കിലും ഇവിടെയുണ്ടോ? വല്ലവനും ഉണ്ടെങ്കിൽ പറയട്ടെ; അപ്രകാരം ഉള്ളവന്നു് ഞാൻ അപരാധം ചെയ്തിട്ടുണ്ടു്. റോമാനഗരവാസിയാണെന്നുള്ള ബഹുമതി വേണം എന്നു മനസ്സില്ലാതിരിക്കത്തക്കവണ്ണം അത്ര അപരിഷ്കൃതനായി ആരെങ്കിലും ഇവിടെയുണ്ടോ? വല്ലവരും ഉണ്ടെങ്കിൽ പറയട്ടെ; അപ്രകാരം ഉള്ളവന്റെ നേക്കു ഞാൻ അപരാധം ചെയ്തിട്ടുണ്ടു്. മറുപടി കിട്ടാനായി ഞാൻ കാത്തിരിക്കുന്നു.

എല്ലാവരും:—ആരും ഇല്ല; ബ്രൂട്ടസ്സേ ആരും ഇല്ല.

ബ്രൂട്ടസ്:—അങ്ങനെയാണെങ്കിൽ യാതൊരുത്തനും ഞാൻ അപരാധം ചെയ്തിട്ടില്ല. നിങ്ങൾക്കു ബ്രൂട്ടസ്സിന്റെ നേക്കു് എന്തു പ്രവൎത്തിക്കാം എന്നുണ്ടോ, അതിലധികമായി ഒന്നും ഞാൻ സീസരുടെ നേക്കു പ്രവൎത്തിച്ചിട്ടില്ല. അദ്ദേഹത്തെ കൊല്ലാനുണ്ടായിരുന്ന സംഗതികളെപ്പററി ആസ്ഥാനമണ്ഡപത്തിൽ എഴുതീട്ടുണ്ടു്. യശോലാഭത്തിനു യോഗ്യത അദ്ദേഹത്തിനു് ഉണ്ടായിരുന്നു; അദ്ദേ

ഹത്തിൻെറ ആ യശസ്സിനെ കുറച്ചിട്ടില്ല. അദ്ദേഹം പ്രവൎത്തിച്ചതായ ഏതു കുററങ്ങൾക്കായി അദ്ദേഹം മരണം അനുഭവിച്ചുവോ ആ കുററങ്ങളെ അക്രമമായി കൂട്ടീട്ടും ഇല്ല.

(ആന്തൊണിയും മററുള്ളവരും സീസരുടെ പ്രേതത്തോടുകൂടി പ്രവേശിക്കുന്നു)

ഇതാ അദ്ദേഹത്തിൻെറ ശരീരം കൊണ്ടുവരുന്നു. മാർക് ആന്തൊണിയും അനുശോചിച്ചു കൂടെ വരുന്നു. അദ്ദേഹത്തിനെ വധിക്കുന്നതിനു മാർക് ആന്തൊണി സഹകരിച്ചിട്ടില്ല: എന്നു വരികിലും അദ്ദേഹത്തിൻെറ മരണത്തിൻെറ ഗുണഫലമായി പൌരാവകാശങ്ങൾ അയാൾക്കും സ്വയം കിട്ടുന്നുണ്ടു്. നിങ്ങളിൽ ഓരോരുത്തനും ആ അവകാശങ്ങൾ കിട്ടുകയില്ലയൊ? കിട്ടും. അതുപോലെ തന്നെ അയാൾക്കും. ഒരു വാക്കുകൂടി എനിക്കു പറയാനുണ്ടു്. റോമാനഗരിയുടെ ഗുണത്തിലേക്കായി എൻെറ അനുത്തമമിത്രത്തെ ഞാൻ വധിച്ചതുപോലെ തന്നെ എന്നേയും വധിക്കേണ്ടതു് ആവശ്യം ആണെന്നു, എൻെറ ദേശത്തിനു തോന്നുമ്പോൾ എന്നെ കൊല്ലുന്നതിനായി, ഞാൻ ഉപയോഗിച്ച കഠാരിയെത്തന്നെ വച്ചിരിക്കുന്നു എന്നു മാത്രം പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

എല്ലാവരും:—ആയുഷ്മാനായിരിക്ക; ബ്രൂട്ടസ്, ആയുഷ്മാനായിരിക്ക.

൧-മത്തെ പൗരൻ:—ഇദ്ദേഹത്തിനെ ജയചിഹ്നത്തോടുകൂടി ഇദ്ദേഹത്തിൻെറ ഗൃഹത്തിലേക്കു നമുക്കു കൊണ്ടുപോകാം.

൨-മത്തെ പൗരൻ:—ഇദ്ദേഹത്തിൻെറ പൂർവന്മാരോടൊപ്പം ഇദ്ദേഹത്തിൻെറ പ്രതിമയേയും പ്രതിഷ്ഠിക്കണം.

൩-മത്തെ പൗരൻ:—ഇദ്ദേഹംതന്നെ "സീസർ" ആയിരിക്കട്ടെ.

൪-മത്തെ പൗരൻ:—നമുക്കു ബ്രൂട്ടസിനെ നരപതി ആക്കാം; എങ്കിൽ സീസറിന്റെ ഗുണം മാത്രം ഉള്ള ഒരു നരപതി നമുക്കു കിട്ടും. ഇദ്ദേഹത്തിനു സീസറിൻെറ ദോഷം ഒന്നുമില്ല.

൧-മത്തെ പൗരൻ:—നമുക്കു ജയഘോഷത്തോടുകൂടി ഇദ്ദേഹത്തിൻെറ ഗൃഹത്തിലേക്ക് ഇദ്ദേഹത്തെ കൊണ്ടുപോകാം.

ബ്രൂട്ടസ്:—സ്വദേശിയരേ,

൧-മത്തെ പൗരൻ:—സമാധാനം; മിണ്ടാതിരിപ്പിൻ; ബ്രൂട്ടസ് സംസാരിക്കുന്നു.

൨-മത്തെ പൗരൻ:—ഹേ! ഹേ! മിണ്ടാതിരിപ്പിൻ.

ബ്രൂട്ടസ്:—ഗുണവാന്മാരായ സ്വദേശരെ, ഞാൻ തനിച്ചുപോകുന്നതിനു നിങ്ങൾ സമ്മതിക്കണം. എന്നെ വിചാരിച്ച് നിങ്ങൾ ഇവിടെ നില്ലിൻ. ആന്തൊണിയോടൊന്നിച്ച് ഇവിടെ ഇരിപ്പിൻ. സീസരുടെ പ്രേതത്തിൻെറ നേക്ക് ബഹുമാനം കാണിക്കിൻ. സീസരുടെ

ഗുണങ്ങളേയും ശ്ലാഘകളേയും പററി സംസാരിക്കാൻ ഞങ്ങളുടെ അനുമതിയോടുകൂടി മാർക് ആന്തൊണി വന്നിട്ടുള്ളതാണു്. അദ്ദേഹത്തിൻെറ പ്രസംഗത്തേയും നിങ്ങൾ ആദരപൂർവ്വം കേൾപ്പിൻ. ആന്തൊണി സംസാരിച്ചുതീരുന്നതുവരെ ഞാനല്ലാതെ മററാരും ഇവിടംവിട്ടു പോകരുതു് എന്നു ഞാൻ നിങ്ങളോടു് അപേക്ഷിക്കുന്നു. (പോയി)

൧-മത്തെ പൗരൻ:—നില്പിൻ! മാർക് ആന്തൊണി പറയുന്നതു നമുക്കു കേൾക്കാം.

൩-മത്തെ പൗരൻ:—അദ്ദേഹം പ്രസംഗസ്ഥാനത്തു കയറി പ്രസംഗിക്കാൻ തുടങ്ങട്ടെ. അദ്ദേഹം പറയുന്നതു നമുക്കു കേൾക്കാം. ഉത്തമനായ ആന്തൊണിയോവേ! ആ സ്ഥാനത്തു കയറിച്ചെല്ലാം.

ആന്തൊണി:—ബ്രൂട്ടസിനെ കരുതിയാണു് നിങ്ങൾക്കു് ഞാൻ കടംപെടുന്നതു്.

൪-മത്തെ പൗരൻ:—അദ്ദേഹം ബ്രൂട്ടസിനെ കുറിച്ചു എന്തു പറയുന്നു?

൩-മത്തെ പൗരൻ:—ബ്രൂട്ടസിനെ കരുതി നമുക്കെല്ലാവക്കും അദ്ദേഹം കടംപെട്ടവനായി തീൎന്നിരിക്കുന്നു എന്നു്.

൪-മത്തെ പൗരൻ:—ബ്രൂട്ടസിനെപ്പററി യാതൊന്നും അദ്ദേഹം സംസാരിക്കാതിരിക്കുന്നതു നല്ലതു്.

൧-മത്തെ പൗരൻ:—ഈ സീസർ ഒരു നൃശംസൻതന്നെ ആയിരുന്നു.

ന-മത്തെ പൗരൻ:—അതേ, അത്ു നിശ്ചയംതന്നെ; റോമാനഗരം അദ്ദേഹത്തിന്റെ വധത്താൽ നിഷ്കണ്ടകം ആയിത്തീൎന്നിരിക്കുന്നതുകൊണ്ടു നാം അനുഗൃഹീതരായി.

വ-മത്തെ പൗരൻ:—മിണ്ടാതിരിക്കിൻ, ആന്തൊണിക്കു പറയാൻ കഴിയുന്നതിനെ നമുക്കു കേൾക്കാം.

ആന്തൊണി:—കുലീനരായ റോമന്മാരേ!

പൗരന്മാർ:—മിണ്ടാതിരിപ്പിൻ. അദ്ദേഹം പറയുന്നതു് നമുക്കു കേൾക്കാം.

ആന്തൊണി:—സ്നേഹിതന്മാരെ! റോമാവാസികളെ! സദേശരേ! ഞാൻ പറയാൻ പോകുന്നതു് ശ്രദ്ധിച്ചു കേൾപ്പിൻ. ഞാൻ വന്നിരിക്കുന്നതു് സീസരുടെ പ്രേതത്തെ സംസ്കരിപ്പിക്കാനാണു്; അദ്ദേഹത്തെ സ്തുതിക്കാനായിട്ടല്ല. മനുഷ്യർ ചെയ്യുന്ന ദോഷങ്ങൾ അവർ മരിച്ചതിൽപിന്നെയും ജീവിച്ചിരിക്കുന്നു; ഗുണങ്ങൾ ആകട്ടെ അവരുടെ പ്രേതത്തോടൊന്നിച്ചു പലപ്പോഴും മണ്ണിനടിയിൽ സ്ഥാപിതമായിപ്പോകുന്നു. സീസരുടെ വിഷയത്തിലും അങ്ങനെ തന്നെയാകട്ടെ. സീസർ ദുർമോഹിയായിരുന്നു എന്നു് പൂജ്യനായ ബ്രൂട്ടസ് നിങ്ങളോടു പറഞ്ഞിട്ടുണ്ടു്. അപ്രകാരം ആയിരുന്നു എങ്കിൽ അതു കഠിനമായ ഒരു കുററം തന്നെ. അതിലേക്കു സീസർ കഠിനമായ വിധത്തിൽ ശിക്ഷ അനുഭവിക്കയും ചെയ്തു. ഇവിടെ ബ്രൂട്ടസിന്റെയും ശേഷമുള്ളവരുടേയും അനുമതിപ്രകാരം—(എന്തെന്നാൽ ബ്രൂട്ടസ് ഒരു മാന്യപുരുഷൻ ആകുന്നു.

അപ്രകാരം തന്നെയാകുന്നു അവരെല്ലാം; അവരെല്ലാവരും മാന്യപുരുഷന്മാർതന്നെ)—സീസരിന്റെപ്രേതത്തെ സംസ്കരിക്കുന്ന അവസരത്തിൽ അദ്ദേഹത്തെപ്പററി സംസാരിക്കാൻ ഞാൻ വന്നിരിക്കയാണു്. അദ്ദേഹം എന്റെ സ്നേഹിതൻ ആയിരുന്നു; എന്നോടു വിശ്വാസമായും നീതിയായും പെരുമാറി വന്നിരുന്നു. എന്നാൽ അദ്ദേഹം ദുർമ്മോഹിയായിരുന്നു എന്നു് ബ്രൂട്ടസ് പറയുന്നു; ബ്രൂട്ടസ് ആകട്ടെ ഒരു മാന്യപുരുഷൻ തന്നെ. സീസർ അനേകം പേരെ യുദ്ധത്തിൽ തടവുകാരാക്കി റോമായിലേക്കു കൊണ്ടുവന്നിട്ടുണ്ടു്. ആ തടവുകാർ അവരെ വിട്ടയക്കാനായി കൊടുത്ത പണം കൊണ്ടു് അദ്ദേഹം രാജ്യകോശങ്ങളെ നിറച്ചിട്ടുണ്ടു്. ഈ പ്രവൃത്തി സീസരുടെ ദുർമ്മോഹമായി കാണുന്നുവോ? സാധുജനങ്ങൾ കരയുന്നതു കണ്ടു് അദ്ദേഹം കരയുന്നതു പതിവായിരുന്നു. ദുർമ്മോഹം കഠിനതരമായ സാധനത്താൽ നിർമ്മിതം ആയിരിക്കണം. ഇങ്ങനെയൊക്കെ ഇരുന്നിട്ടും അദ്ദേഹം ദുർമ്മോഹിയായിരുന്നു എന്നു ബ്രൂട്ടസ് പറയുന്നു. ബ്രൂട്ടസ് ആകട്ടെ, ഒരു മാന്യപുരുഷൻ തന്നെ. ലൂപർകാൽ ഉത്സവദിവസത്തിൽ മൂന്നുതവണ ഞാൻ രാജകിരീടം അദ്ദേഹത്തിനു കൊടുത്തതും അതിനെ മൂന്നുതവണയും അംഗീകരിക്കയില്ലാ എന്നു പറഞ്ഞു് അദ്ദേഹം നിഷേധിച്ചതും നിങ്ങൾ എല്ലാവരും കണ്ടറിഞ്ഞതാണല്ലോ. ഇതു് ദുർമ്മോഹം ആയിരുന്നുവോ? എന്നിട്ടും അദ്ദേഹം ദുർമ്മോഹിയായിരുന്നു എന്നു് ബ്രൂട്ടസ് പറയുന്നു. ബ്രൂട്ടസ്സാകട്ടെ,

നിസ്സംശയം മാന്യപുരുഷനും ആണു്. ബ്രൂട്ടസ് പറഞ്ഞതു തെററാണെന്നു തെളിയിക്കാനായിട്ടല്ലാ ഞാൻ സംസാരിക്കുന്നതു്. നിങ്ങൾ എല്ലാവരും ഒരിക്കൽ അദ്ദേഹത്തെ സ്നേഹിച്ചു; അതു നിഷ്കാരണമായും അല്ല. പിന്നെ എന്തു കാരണം ഒന്നാണു് അദ്ദേഹത്തെ അനുശോചിക്കുന്നതിനു നിങ്ങളെ വിരോധിച്ചുകൊണ്ടിരിക്കുന്നതു്? ഹാ! വിവേചനമേ, നീ ജ്ഞാനമില്ലാത്ത മൃഗങ്ങളുടെ അടുക്കൽ ചെന്നിരിപ്പായിപ്പോയി! മനുഷ്യർ ബുദ്ധി നഷ്ടമായിരിക്കുന്നു. ക്ഷമിച്ചിരിപ്പിൻ. എന്റെ ഹൃദയമോ, സീസരോടൊന്നിച്ചു് ഈ പെട്ടിക്കകത്തു വസിക്കുന്നു; അതു് എന്റെ അടുക്കൽ മടങ്ങി വരുന്നതുവരെ പ്രസംഗം നിൎത്തി വെക്കേണ്ടതായിരുന്നു.

൧-മത്തെ പൌരൻ:—ഇദ്ദേഹത്തിന്റെ പ്രസംഗത്തിൽ അധികം യുക്തിയുണ്ടു്.

൨-മത്തെ പൌരൻ:—താൻ സംഗതി ശരിയായി ആലോചിക്കുന്നതായാൽ സീസരുടെ നേൎക്കു് മഹാപാതകം പ്രവൎത്തിച്ചിരിക്കയാണെന്നു കാണും.

൩-മത്തെ പൌരൻ:—അദ്ദേഹത്തിന്റെ നേൎക്കു മഹാപാതകം പ്രവൎത്തിച്ചിരിക്കുന്നതന്നെ. അദ്ദേഹത്തിന്റെ സ്ഥാനത്തിൽ ഇതിലും അധികം ദുഷ്ടൻ ആയ ഒരുവൻ വരും എന്നു ഞാൻ ആശങ്കിക്കുന്നു.

൪-മത്തെ പൌരൻ:—ഇദ്ദേഹത്തിന്റെ വാക്കുകളെ നിങ്ങൾ സൂക്ഷിച്ചുവോ? അദ്ദേഹത്തിന്നു കിരീടം ധരിക്കാൻ മനസ്സില്ലായിരുന്നു. അതുകൊണ്ടു് അദ്ദേഹം ദുർമോഹിയല്ലായിരുന്നു എന്നുള്ളതു് നിശ്ചയംതന്നെ.

൧-മത്തെ പൌരൻ:—അപ്രകാരം ആണെന്നു കണ്ടാൽ ചിലരൊക്കെ നന്നായി ഉത്തരം പറയേണ്ടി വരും.

൨-മത്തെ പൌരൻ:—സാധുമനുഷ്യൻ; ഇദ്ദേഹത്തിന്റെ കണ്ണു് കരച്ചൽകൊണ്ടു തീക്കനൽപോലെ ചുവന്നിരിക്കുന്നു.

൩-മത്തെ പൌരൻ:—ആന്തൊണിയെക്കാൾ അധികം പൂജ്യനായി റോമാനഗരത്തിൽ ആരും ഇല്ല.

൪-മത്തെ പൌരൻ:—അദ്ദേഹത്തെ നോക്കുവിൻ; അദ്ദേഹം സംസാരിക്കാൻ വീണ്ടും തുടങ്ങുന്നു.

ആന്തൊണി:—ഇന്നലെ സീസരുടെ ഒരു ഒററവാക്കു സർവ്വലോകത്തിനും എതിരായിനിന്നു് അതിനെ അടക്കുന്നതിനു മതിയാകുമായിരുന്നു. ഇന്നിപ്പോൾ-അതാ-അദ്ദേഹം ചതിവിൽ വധിക്കപ്പെട്ടിട്ടു് നിശ്ചേഷ്ടനായി കിടക്കുന്നു; അദ്ദേഹത്തിനെ പൂജിക്കാൻതക്കവണ്ണം അത്ര പാവപ്പെട്ടവനായി ഒരുത്തനും ഇല്ലാതിരിക്കുന്നു. അല്ലേ പൌരന്മാരെ! നിങ്ങളുടെ ഉള്ളിൽ ദ്രോഹബുദ്ധിയേയും കോപത്തേയും ഉജ്ജ്വലിപ്പിക്കാൻ ഞാൻ ഭാവിക്കയൊണെങ്കിൽ ഞാൻ ബ്രൂട്ടസിന്റെ നേക്കു് അപരാധം ചെയ്യുന്നവനായിത്തീരും; കാഷിയസിന്റെ നേക്കു് അപരാധം ചെയ്യുന്നവനായിത്തീരും; അവരോ മാനനീയന്മാർ ആകുന്നു എന്നു നിങ്ങൾക്കു എല്ലാപേൎക്കും അറിയാമല്ലോ. ഞാൻ അവൎക്കു് അപരാധം ചെയ്കയില്ല. അങ്ങനെയുള്ള മാന

നീയന്മാക്ക ഞാൻ അപരാധംചെയ്യുന്നതിൽ പരം മരിച്ച അദ്ദേഹത്തിൻെറ നേക്കും, എൻെറ നേക്കും, നിങ്ങളുടെ നേക്കുതന്നെയും, അപരാധം ചെയ്യുന്നതല്ലയോ, എനിക്കു ശ്രേയസ്സായുള്ളതു്. ഇതാ ഒരു പത്രം എൻെറ കൈവശം ഇരിക്കുന്നു. ഇതിൽ സീസരുടെ മുദ്രയും ഉണ്ടു്, ഇതു് അദ്ദേഹത്തിൻെറ അറയിൽ കിടന്നിരുന്നതായ അദ്ദേഹത്തിൻെറ മരണശാസനം ആണു്. സാമാന്യജനങ്ങൾ ഈ മരണശാസനത്തെ വായിച്ചു കേട്ടാൽ മാത്രം മതി—എന്നാൽ—ഞാൻ മാപ്പുചോദിക്കുന്നു; ഞാൻ അതിനെ വായിക്കാൻ ഉദ്ദേശിക്കുന്നില്ലാ.—അവർ ഉടൻതന്നെ പോയി സീസരുടെ മുറിവുകളെ ചുംബനംചെയ്യും; അദ്ദേഹത്തിൻെറ പരിശുദ്ധമായ രക്തത്തിൽ അവരുടെ കൈത്തുവാലുകളെ മുക്കിവച്ചുകൊള്ളും; അദ്ദേഹത്തിൻെറ ഓമ്മയ്ക്കായി അദ്ദേഹത്തിൻെറ ഓരോ രോമംവീതം അവർ തങ്ങൾക്കു വേണം എന്നു് അപേക്ഷിച്ചെട്ടുകൂടും; ആ സ്മാരകചിഹ്നത്തെ അവരുടെ മരണകാലത്തിൽ അവരുടെ അമൂല്യമായ പൈത്രമായി തങ്ങളുടെ സന്താനങ്ങൾ സൂക്ഷിച്ചുവെച്ചുകൊള്ളണം എന്നു മരണശാസനത്തിൽ പ്രസ്താവിക്കയും ചെയ്യുന്നതായിരിക്കും.

൪-മത്തെ പൗരൻ:—ആ മരണശാസനം ഞങ്ങൾക്കു കേൾക്കണം; മാർക്കു ആന്തോണി വായിക്കതന്നെ.

എല്ലാവരും:—മരണശാസനം! മരണശാസനം!! സീസരുടെ മരണശാസനം, ഞങ്ങൾക്കു കേൾക്കണം.

ആന്തൊണി:—ശാന്തരായ സ്നേഹിതന്മാരെ, അല്പം ക്ഷമിപ്പിൻ! ഞാൻ അതിനെ വായിച്ചു കേൾപ്പിക്കുതാത്തതാകുന്നു. നിങ്ങളെ സീസർ എത്രയധികം സ്നേഹിച്ചിരുന്നു എന്നു് നിങ്ങൾ അറിയുന്നതു് ഉചിതം അല്ല. നിങ്ങൾ മണ്ണുമല്ല; നിങ്ങൾ മരവുമല്ല; നിങ്ങൾ ചൈതന്യപൂൎണ്ണരായ മനുഷ്യർ ആകുന്നു. മനുഷ്യരാകകൊണ്ടു്, നിങ്ങൾ സീസരുടെ മരണശാസനം കേൾക്കുമ്പോൾ, അതു് നിങ്ങളുടെ ക്രോധത്തെ ഉജ്ജ്വലിപ്പിക്കും; അതു് നിങ്ങളെ ഉൽഭ്രാന്തന്മാർ ആക്കും. നിങ്ങൾ അദ്ദേഹത്തിന്റെ സ്വത്തിനു് അവകാശികൾ ആണെന്നു് നിങ്ങൾ അറിയാതിരിക്കുന്നതു് നല്ലതാണു്. അക്കഥ നിങ്ങൾ അറിഞ്ഞാൽ, ഹാ! ഹാ! കഷ്ടം! അതിൽനിന്നു് എന്തെല്ലാം സംഭവിച്ചേക്കാം.

൪-മത്തെ പൌരൻ:—മരണശാസനത്തെ വായിക്കണം. ആന്തൊണി! ഞങ്ങൾക്കു് അതിനെ കേട്ടേ തീരൂ. നിങ്ങൾ ആ മരണശാസനത്തെ, സീസരുടെ മരണശാസനത്തെ, വായിച്ചു് ഞങ്ങളെ കേൾപ്പിക്കതന്നെ വേണം.

ആന്തൊണി:—നിങ്ങൾ സ്വല്പം അടങ്ങിയിരിക്കുമോ? നിങ്ങൾ അല്പം താമസിക്കുമോ? ഞാൻ അക്കഥ പറഞ്ഞതിനാൽ എന്റെ ഉദ്ദേശ്യം തെററിപ്പോയി. ഈ സീസരെ കഠാരികൾകൊണ്ടു കുത്തിക്കൊന്ന ആ പൂജ്യപുരുഷന്മാരുടെ നേക്കു് മഹാപരാധം ഞാൻ പ്രവൃത്തിക്കുന്നതായി തീരുന്നു എന്നു് ഞാൻ ശങ്കിക്കുന്നു. അതു് എനിക്കു ഭയമായിരിക്കുന്നു.

൪-മത്തെ പൗരൻ:—അവർ സ്വാമിദ്രോഹികൾ ആയിരുന്നു. എന്തു പൂജ്യപുരുഷന്മാർ?

എല്ലാവരും:—മരണശാസനം, മരണശാസനം; കേൾക്കട്ടെ.

൨-മത്തെ പൗരൻ:—അവർ ചണ്ഡാലന്മാർ, കൊലപാതകക്കാർ; മരണശാസനം! മരണശാസനത്തെ വായിക്കണം.

ആന്തൊണി:—മരണശാസനത്തെ വായിക്കുന്നതിന് നിങ്ങൾ എന്നെ നിർബന്ധിക്കുന്നുവോ? അങ്ങനെയാണെങ്കിൽ സീസരുടെ പ്രേതത്തിനു ചുററും വട്ടമായി നില്പിൻ! ആ മരണശാസനകർത്താവായ ആ പുരുഷനെ നിങ്ങൾക്കു ഞാൻ കാണിച്ചുതരാം. ഞാൻ താഴെ ഇറങ്ങട്ടോ? അതിന്ന് അനുമതി തരുമല്ലോ?

എല്ലാവരും:—ഇറങ്ങിവരാം.

൨-മത്തെ പൗരൻ:—ഇറങ്ങാം.

[ആന്തൊണി ഇറങ്ങിവരുന്നു]

൩-മത്തെ പൗരൻ:—അങ്ങേയ്ക്കു അനുമതി തന്നിരിക്കുന്നു.

൪-മത്തെ പൗരൻ:—ഒരു വട്ടം; ചുററും നില്പിൻ.

൧-മത്തെ പൗരൻ:–പ്രേതപ്പെട്ടിയിൽനിന്ന് മാറിനില്പിൻ; അദ്ദേഹത്തെ തൊടരുത്.

൨-മത്തെ പൗരൻ:—ആന്തൊണിക്ക് ഇടം കൊടുപ്പിൻ; മഹാനായ ആന്തൊണിക്ക്.

ആന്തൊണി:—എന്റെ മേലിൽ ഇങ്ങനെ തിങ്ങിവീഴരുത്; തിക്കും തിരക്കും കൂടാതെ അകന്നുനില്പിൻ.

എല്ലാവരും:—പിന്നോട്ടു മാറുവിൻ! ഇടംകൊടുക്കിൻ. പിന്നോട്ടു നീങ്ങുവിൻ.

അന്തോണി:—നിങ്ങൾക്കു കണ്ണുനീർ ഉണ്ടെന്നു വരികിൽ, അവയെ ഇപ്പോൾ പൊഴിക്കുന്നതിന്നു് ഒരുങ്ങുവിൻ. ഈ ഉടുപ്പു നിങ്ങൾക്കെല്ലാവക്കും അറിയാമല്ലൊ. ഇതിനെ സീസർ ആദ്യമായി ധരിച്ചതു് എപ്പോൾ ആണെന്നു ഞാൻ ഓക്കുന്നുണ്ടു്. അതു് അദ്ദേഹം നെർവിയൻ ജാതിക്കാരെ ജയിച്ചടക്കിയ ദിവസം ഒരു ഗ്രീഷ്മസായാഹ്നത്തിൽ അദ്ദേഹത്തിൻെറ പടകുടിയിൽ വെച്ചായിരുന്നു. നോക്കുവിൻ! ഈ സ്ഥാനത്താണു് കാഷിയസിൻെറ കഠാരംകൊണ്ടുള്ള കുത്തു് ഏററു മറുവശം ചെന്നിരിക്കുന്നതു്. നോക്കുവിൻ! സ്പർദ്ധാമഗ്നനായ കാസ്കാ കുത്തിപ്പിളൎന്നിരിക്കുന്ന മാതിരി. ഇതിൽ കൂടിയാണു് അതിപ്രീതൻ ആയിരുന്ന ബ്രൂട്ടസ് കുത്തിയതു്. അദ്ദേഹം കുത്തിയ അതിശപ്തമായ കഠാരത്തെ വലിച്ചെടുത്തപ്പോൾ അതിനെ തുടൎന്നുവന്ന സീസരുടെ രക്തം, അത്യുത്സുകത്താലും നിർദ്ദയമായി കുത്തിയതു് ബ്രൂട്ടസ് ആണോ അല്ലയോ എന്നു ബോദ്ധ്യപ്പെട്ടുകൊള്ളുവാൻ എന്നപോലെ, മുറിവായിൽക്കൂടി പാഞ്ഞു വെളിയിൽ ചാടി ഒഴുകിയിരിക്കുന്നതു് സൂക്ഷിപ്പിൻ! എന്തെന്നാൽ ബ്രൂട്ടസ് സീസരിന്റെ പ്രേമഭാജനം ആയിരുന്നു എന്നു നിങ്ങൾക്കു് അറിയാമല്ലോ. അല്ലയോ ദൈവതങ്ങളെ! സീസർ ബ്രൂട്ടസിനെ എത്ര ഗാഢമായി സ്നേഹിച്ചിരുന്നു എന്നു നിങ്ങൾ തന്നെ തീർച്ചയാക്കണം. ഇതായിരുന്നു എല്ലാ കുത്തുകളിലുംവെച്ചു് അത്യന്തം നിർഘൃണമായ കുത്തു്. എന്തുകൊണ്ടെന്നാൽ

മഹാമനസ്കനായ സീസർ, തന്നെ ബ്രൂട്ടസ് കുത്തിയതു കണ്ടപ്പോൾ, രാജദ്രോഹികളുടെ ബാഹുക്കളെക്കാൾ ബലവത്തരമായ ബ്രൂട്ടസിന്റെ കൃതഘ്നത അദ്ദേഹത്തെ സൎവ്വഥാ പരാജിതനാക്കിത്തീൎത്തു. അപ്പോൾ അദ്ദേഹത്തിന്റെ മഹാശക്തിമത്തായ ഹൃദയം പൊട്ടി. തന്റെ മുഖത്തെ ഉത്തരീയത്താൽ മൂടി മറച്ചുകൊണ്ടു് അതുവരെ രക്തം പ്രവാഹമായി ഒഴുകിക്കൊണ്ടിരുന്ന പാമ്പിവിഗ്രഹത്തിന്റെ പാദത്തിൽത്തന്നെ മഹാനായ സീസർ വീണു. എന്റെ സ്വദേശരെ! ഇതെന്തൊരു വലിയ വീഴ്ച ആണു്. ഇപ്പോൾ ഞാനും, നിങ്ങളും, നാം എല്ലാവരും, അധഃപതിതരായിത്തീൎന്നിരിക്കുന്നു; ചോര ചിന്തിച്ച ദുഷ്ടമായ സ്വാമിദ്രോഹം ആകട്ടെ, നമ്മെ ജയിച്ചടക്കി ഉന്നതപദത്തിൽ കയറി സുഖിച്ചിരിക്കുന്നു. കഷ്ടം! ഇപ്പോൾ നിങ്ങൾ കണ്ണുനീർ ഒലിപ്പിക്കുന്നുണ്ടു്. ഹാ! ഹാ! കരുണാപ്രഭാവത്തെ നിങ്ങൾ അനുഭവിക്കുന്നതായി ഞാൻ കാണുന്നു. ഇവയോ അനുകമ്പാപൂൎണ്ണങ്ങളായ തുള്ളികൾ തന്നെ. കരുണാത്മികന്മാരേ! നമ്മുടെ സീസരുടെ വസ്ത്രത്തിൽ ഉണ്ടാക്കീട്ടുള്ള മുറിവുകളെ മാത്രം കണ്ടപ്പോൾ നിങ്ങൾ ഇത്രയധികം കരയുന്നുവല്ലൊ. ഇവിടെ നോക്കുവിൻ! അദ്ദേഹത്തിന്റെ ശരീരം, ദ്രോഹികൾ മുറിവേല്പിച്ചു വിരൂപപ്പെടുത്തി കിടക്കുന്ന സീസരിന്റെ ശരീരംതന്നെ, കിടക്കുന്നതു് നോക്കുവിൻ!

൧-മത്തെ പൗരൻ:—കഷ്ടമായ കാഴ്ച!

൨-മത്തെ പൗരൻ:—പൂജ്യനായ സീസരേ!

൩-മത്തെ പൗരൻ:—കഷ്ടമായ ദിവസമേ!

൪-മത്തെ പൌരൻ:—അയ്യോ,ദ്രോഹികൾ! ചണ്ഡാളന്മാർ!

൧-മത്തെ പൌരൻ:—കഷ്ടം! അത്യന്തം രക്തമയമായ കാഴ്ച!

൨-മത്തെ പൌരൻ:—ഇതിനു പ്രതീകാരം നമുക്കു ചെയ്യുതന്നെവേണം. പുറപ്പെടാം; കണ്ടുപിടിക്കാം; ചുടാം; കൊല്ലാം; ദ്രോഹികളിൽ ഒരുത്തനും ജീവിച്ചിരിക്കരുതു്.

ആന്തൊണി:—നില്പിൻ സ്വദേശിയന്മാരെ!

൧-മത്തെ പൌരൻ—ശബ്ദം ഉണ്ടാക്കരുതു്! മഹാനായ ആന്തൊണി എന്തുപറയുന്നു, കേൾപ്പിൻ.

൨-മത്തെ പൌരൻ:—നമുക്കു് അദ്ദേഹം പറയുന്നതു കേൾക്കണം. നമുക്കു് അദ്ദേഹത്തെ പിൻതുടരണം. അദ്ദേഹത്തിനോടൊന്നിച്ചു് നമുക്കു മരിക്കണം.

ആന്തൊണി:—സന്മിത്രങ്ങളേ! ഇനിയമിത്രങ്ങളേ! അപ്രകാരം പെട്ടെന്നുള്ള ക്ഷോഭപ്രവാഹത്തിനായി ഞാൻ നിങ്ങളെ കുത്തിപ്പൊക്കി ഇളക്കിവിട്ടുകൂടാ. ഈ പ്രവൃത്തി നടത്തിയവരായ പുരുഷന്മാർ മാനനീയന്മാർ ആകുന്നു. അവർ ഇപ്രകാരം ചെയ്യുന്നതിനു ഇടയാകത്തക്കവണ്ണം അവൎക്കു് പ്രത്യേകമായ വല്ല സങ്കടവും ഉണ്ടോ എന്നു് എനിക്കു് അറിഞ്ഞുകൂടാ. അവരാകട്ടെ, ബുദ്ധിമാന്മാരും മാനനീയന്മാരും ആകുന്നു. അവർ നിങ്ങളോടു തക്ക കാരണത്തോടുകൂടി സമാധാനം പറയും; സംശയമില്ല. ഞാൻ, സ്നേഹിതന്മാരെ! നിങ്ങളുടെ ഹൃദയങ്ങളെ അപഹരിക്കാനല്ലാ വന്നിരിക്കുന്നതു്. ഞാൻ ബ്രൂട്ടസിനെപ്പോലെ വാഗ്മിയല്ല. നിങ്ങൾ എല്ലാവരും

എന്നെ നല്ലവണ്ണം അറിയുന്നതുപോലെ, ഞാൻ എന്റെ മിത്രത്തെ സ്നേഹിക്കുന്ന, ലോകതന്ത്രമറിഞ്ഞുകൂടാത്ത, നേർവഴിക്കാരനായ, ഒരു പച്ചപ്പരമാൎത്ഥി. എന്റെ ഈ യഥാൎത്ഥസ്ഥിതി, അദ്ദേഹത്തെക്കുറിച്ച് പരസ്യമായി പ്രസംഗിക്കുന്നതിന് എനിക്ക് അനുവാദം തന്ന അവൎക്ക്, നന്നായി അറിയാമെന്നുള്ളതുമാകുന്നു. എന്തുകൊണ്ടെന്നാൽ എനിക്ക് ആളുകളെ ഉത്തേജിപ്പിച്ച് ഇളക്കിവിടുന്നതിന് മതിയായ ബുദ്ധിപാടവമോ, വാഗ്വിഭവമോ, ആകൃതിവിശേഷമോ, അഭിനയസാമൎത്ഥ്യമോ, സ്വരസംക്രമജ്ഞാനമോ, വ്യാഹൃതിശക്തിയോ ഇല്ലല്ലോ. ഞാൻ വായിൽ വരുന്നതെല്ലാം സംസാരിച്ചുകൊണ്ടുപോകുന്നതേയുള്ളു. നിങ്ങൾ നല്ലോണ്ണം അറിയുന്ന കാൎയ്യത്തെയാകുന്നു ഞാൻ നിങ്ങളോടു പറയുന്നതു്. ഞാൻ ഇനിമയേറിയ സീസരുടെ മുറിവുകളെ നിങ്ങൾക്കു കാണിക്കുന്നു. ഈ മുറിവുകൾ ആകുന്ന പാവപ്പെട്ട മൂകങ്ങളായ മുഖങ്ങൾ എനിക്കുപകരം നിങ്ങളോടു സംസാരിച്ച് യാഥാൎത്ഥ്യത്തെ നിങ്ങളെ അറിയിക്കട്ടെ എന്നു ഞാൻ സങ്കല്പിക്കുന്നു. എന്നാൽ ഞാൻ ബ്രൂട്ടസ്സും ബ്രൂട്ടസ് ആന്തൊണിയും ആയിരുന്നു എങ്കിൽ, ആ ആന്തൊണി നിങ്ങളുടെ ചിത്തങ്ങളെ പ്രക്ഷോഭിപ്പിക്കയും റോമാനഗരത്തിലുള്ള അചേതനങ്ങളായ കല്ലുകൾപോലും എണീററു് ദ്രോഹികളുടെ നേൎക്കു ലഹള കൂട്ടിച്ചെന്നു് അവരെ വധിക്കത്തക്കവണ്ണം അതുകളെ ഇളക്കിവിടുന്നതിനു മതിയായ ഓരോ നാവിനെ സീസരുടെ ഓരോ മുറിവിലും സ്ഥാപിക്കയും, ചെയ്യുമായിരുന്നു.

എല്ലാവരും:—ഞങ്ങൾ ലഹളയുണ്ടാക്കും.

൧-മത്തെ പൗരൻ:—ഞങ്ങൾ ബ്രൂട്ടസ്സിന്റെ ഗൃഹത്തെ തീവെച്ച് എരിച്ചുകളയും.

൩-മത്തെ പൗരൻ:—പോവാം, വരുവിൻ, ദ്രോഹം പ്രവൃത്തിച്ചവരെ തിരിഞ്ഞുപിടിക്കാം.

ആന്തൊണി:—ഇനിയും ഒന്നു കേൾക്കണം. സ്വദേശിയന്മാരെ! ഞാൻ ഒന്നുകൂടി പറയുന്നതു കേൾക്കണം.

എല്ലാവരും:—അടങ്ങിനില്പിൻ; ആന്തൊണി പറയുന്നതു കേൾപ്പിൻ. അത്യന്തം പൂജ്യനായ ആന്തൊണി സംസാരിക്കുന്നു.

ആന്തൊണി:—എന്താ സ്നേഹിതന്മാരേ! എന്തു പ്രവൃത്തിക്കാൻപോകുന്നു എന്നറിയാതെ നിങ്ങൾ പോകുകയാണ്. സീസർ നിങ്ങളുടെ സ്നേഹത്തെ ഈ വിധത്തിൽ അർഹിച്ചതു് എന്തു സംഗതിയാൽ ആണ്? കഷ്ടം! നിങ്ങൾക്ക് അറിഞ്ഞുകൂടാ. അതു ഞാൻ നിങ്ങളോടു പറഞ്ഞുകേൾപ്പിക്കേണ്ടതായിരിക്കുന്നു. ഞാൻ പറഞ്ഞതായ മരണശാസനത്തിന്റെ കഥ നിങ്ങൾ മറന്നുപോയല്ലോ.

എല്ലാവരും:—സത്യംതന്നെ; മരണശാസനം. നമുക്ക താമസിക്കാം, മരണശാസനം വായിച്ചുകേൾക്കാം.

ആന്തൊണി:—ഇതാണ് മരണശാസനം; സീസരുടെ മുദ്ര പതിച്ചിട്ടുള്ളതുമാണ്; ഓരോ റോമാപൗരന്നും പ്രത്യേകം പ്രത്യേകം എഴുപത്തഞ്ചു ഡ്രാക്മാവീതം അദ്ദേഹം കൊടുത്തിരിക്കുന്നു.

൨-മത്തെ പൗരൻ:—അത്യന്തം മഹാശയനായ സീസർ; അദ്ദേഹത്തിൻെറ ഉയിർകൊണ്ടവരുടെ ഉടലും ഉയിരും വേർപെടുത്തണം.

൩-മത്തെ പൗരൻ:—ഹാ! കഷ്ടം! രാജാവായിരിക്കാൻ ഉചിതനായ സീസർ.

ആന്തൊണി:—ഞാൻ പറയുന്നതു് ക്ഷമിച്ചു കേൾപ്പിൻ.

എല്ലാവരും:—നിശ്ശബ്ദമായിരിപ്പിൻ.

ആന്തൊണി:—എന്നുതന്നെയുമല്ല, അദ്ദേഹത്തിന്റെ വക എല്ലാ വിഹാരസ്ഥാനങ്ങളേയും ടൈബർനദിയുടെ ഇക്കരെയിൽ ഉള്ള അദ്ദേഹത്തിൻെറ സ്വന്തം ലതാഗൃഹങ്ങളേയും ഉദ്യാനങ്ങളേയും പുതുതായി നടീച്ചിട്ടുള്ള ഫലോദ്യാനങ്ങളേയും നിങ്ങൾക്കായി അദ്ദേഹം വിട്ടിരിക്കുന്നു. നിങ്ങളും നിങ്ങളുടെ സന്താനങ്ങളും പൊതുവിഹാരസ്ഥാനങ്ങളായി ശാശ്വതമായി അനുഭവിച്ചുകൊള്ളുന്നതിനും അവയിൽക്കൂടി നടന്നു് വിശ്രമിക്കയും വിനോദിക്കയും ചെയ്തു് ആരോഗ്യത്തെ സമ്പാദിച്ചുകൊള്ളുന്നതിനും ആയി അദ്ദേഹം അവയെ വിട്ടുതന്നിരിക്കുന്നു. ഇവിടെ ഈദൃശനായ ഒരു സീസർ ഉണ്ടായിരുന്നു. അതുപോലെ ഇനിയൊരുത്തൻ എപ്പോൾ ഉണ്ടാകും?

൧-മത്തെ പൗരൻ:—ഒരിക്കലും ഉണ്ടാകയില്ല; ഒരിക്കലും ഉണ്ടാകയില്ല. വരുവിൻ ചങ്ങാതികളെ; അദ്ദേഹത്തിൻെറ പ്രേതത്തെ നമുക്കു പരിശുദ്ധമായ ശ്മശാനത്തിൽ കൊണ്ടുപോയി ദഹിപ്പിക്കാം. അവിടെ നിന്നു കടക്കൊള്ളികൾ എടുത്തു് സ്വാമിദ്രോഹികളുടെ ഗൃഹങ്ങളിൽ തീ വെക്കാം. പ്രേതത്തെ താങ്ങിയെടുപ്പിൻ.

൨-മത്തെ പൌരൻ:—ഓടിപ്പോയി തീ കൊണ്ടു വരുവിൻ.

൩-മത്തെ പൌരൻ:—പലകകളെ പറിച്ചെടുക്കുവിൻ.

൪-മത്തെ പൌരൻ:—രൂപങ്ങളേയും ജനയ്ലുകളേയും കണ്ണിൽ കാണുന്നതെല്ലാം പൊളിച്ചെടുത്തു കൊണ്ടു വരുവിൻ.

(പ്രേതം എടുത്തുകൊണ്ടു് പൌരന്മാർ പോയി)

ആന്തൊണി:—ഇനി മുറയ്ക്കു് എല്ലാം നടക്കട്ടെ: ദ്രോഹമേ! നീ നടക്കാൻ തുടങ്ങി. യഥേഷ്ടം വിഹരിക്കു! നിന്റെ ഇഷ്ടംപോലെയുള്ള വഴിയെ നടന്നുകൊള്ളുക.

(ഒരു ഭൃത്യൻ പ്രവേശിക്കുന്നു)

ഇതാരെടാ, എന്തു വർത്തമാനം?

ഭൃത്യൻ:—യജമാനനേ! അക്ടേവിയസ് റോമാവിൽ എത്തിക്കഴിഞ്ഞു.

ആന്തൊണി:—അദ്ദേഹം എവിടെ?

ഭൃത്യൻ:—അദ്ദേഹവും ലെപ്പിഡസ്സും സീസരുടെ ഗൃഹത്തിൽ ഉണ്ടു്.

ആന്തൊണി:— അദ്ദേഹത്തിനെ കാണ്മാനായി ഞാൻ ഉടൻ അവിടേക്കുതന്നെ വരുന്നുണ്ടു്. ഞാൻ കാണണം എന്നു് ആഗ്രഹിച്ചപ്പോൾ അദ്ദേഹവും എത്തി. ഭാഗ്യദേവത പ്രസന്നയായിരിക്കുന്നു; ഈ ദശയിൽ നമുക്കു് എന്തു വരവും തരും.

ഭൃത്യൻ:—ബ്രൂട്ടസ്സും കാഷിയസ്സും റോമാവിലെ പുരദ്വാരങ്ങളിൽക്കൂടി ഭ്രാന്തന്മാരെപ്പോലെ കുതിരയിൽ കയറിപ്പോയി എന്നു് അദ്ദേഹം പറയുന്നതു ഞാൻ കേട്ടു.

ആന്റോണി:—ഞാൻ ജനങ്ങളെ ഏതുവിധം പ്രചലിപ്പിച്ചിട്ടുണ്ടെന്നു്, പക്ഷേ, അവർക്കു ജനങ്ങൾ അറിവുകൊടുത്തിരിക്കാം. അക്ടേവിയസ് ഇരിക്കുന്നിടത്തേക്കു് എന്നെ കൊണ്ടുപോകൂ.

(എല്ലാവരും പോയി)

രംഗം ൩. ഒരു വീഥി.

സിന്നാകവീശൻ പ്രവേശിക്കുന്നു.

സിന്നാ:—ഞാൻ സീസരോടൊന്നിച്ചിരുന്നു് ഊണു കഴിച്ചതായി രാത്രി സ്വപ്നം കണ്ടു. അതുകൊണ്ടു് അമംഗളകാര്യങ്ങൾ എന്റെ മനസ്സിൽ ഉദിച്ചുകൊണ്ടിരിക്കുന്നു. ഇന്നു ഭവനംവിട്ടു വെളിയിൽ പോകുന്നതിനു് എനിക്കു മനസ്സില്ല. എന്നു വരികിലും എന്തോ ഒന്നു് എന്നെ പുറത്തേയ്ക്കു് നടത്തിക്കൊണ്ടുപോകുന്നു.

(പൗരന്മാർ പ്രവേശിക്കുന്നു)

൧-മത്തെ പൗരൻ—തന്റെ പേരെന്തു്?

൨-മത്തെ പൗരൻ—താൻ എവിടെ പോകുന്നു?

൩-മത്തെ പൗരൻ—താൻ എവിടെ പാർക്കുന്നു?

൪-മത്തെ പൗരൻ—താൻ കല്യാണം കഴിച്ചവനോ അതോ ബ്രഹ്മചാരിയോ?

൨-മത്തെ പൗരൻ:—ഓരോ ആളുടെയും ചോദ്യത്തിനു ശരിയായി ഉത്തരം പറയൂ.

൧-മത്തെ പൗരൻ:—അതും ചുരുക്കത്തിൽ വേണം.

൪-മത്തെ പൗരൻ:—ബുദ്ധിപൂൎവ്വമായ ഉത്തരമായിരിക്കയും വേണം.

൩-മത്തെ പൗരൻ:—പറയുന്നതു സത്യമായും ഇരിക്കണം. കേട്ടോ.

സിന്നാ:—എന്റെ പേരെന്തു്? ഞാൻ എവിടെ പോകുന്നു? ഞാൻ എവിടെ പാൎക്കുന്നു? ഞാൻ വിവാഹംകഴിച്ചിട്ടുള്ളവനോ അതോ ബ്രഹ്മചാരിയോ? എന്നാൽ ഓരോരുത്തരുടേയും ചോദ്യത്തിനു നേരിട്ടും ചുരുക്കമായും ബുദ്ധിയോടുകൂടിയും സത്യമായും മറുപടിപറയണം അല്ലേ; ഞാൻ പറയുന്ന സംഗതി എനിക്കറിയാം. ഞാൻ ഒരു ബ്രഹ്മചാരിയാണു്.

൨-മത്തെ പൗരൻ:—താൻ പറഞ്ഞതിന്റെ സാരം എന്തെന്നാൽ, വിവാഹം ചെയ്യുന്നവർ മൂഢന്മാരാണു് എന്നാണു്. അങ്ങനെ പറഞ്ഞതിനു് തനിക്കു തലയ്ക്കു ഒരു ചൊട്ടു കിട്ടേണ്ടതാണു്. ഇരിക്കട്ടെ; വളച്ചു കെട്ടാതെ നേരേ പറയൂ.

സിന്നാ:—നേരേതന്നെ. ഞാൻ സീസരുടെ ശവദാഹത്തിനായി പോവുകയാണു്.

൧-മത്തെ പൗരൻ:—ഒരു മിത്രമായോ ശത്രുവായോ?

സിന്നാ:—ഒരു മിത്രമായി.

൨-മത്തെ പൗരൻ:—ആ സംഗതിക്കു് ഉത്തരം നേരിട്ടു പറഞ്ഞു.

൪-മത്തെ പൗരൻ—തന്റെ പാൎപ്പു്, ചുരുക്കത്തിൽ.

സിന്നാ:—ചുരുക്കത്തിൽ ഞാൻ ആസ്ഥാനമണ്ഡപത്തിനു് അടുക്കൽ പാൎക്കുന്നു.

7 AUG 1930

൧-മത്തെ പൗരൻ:—തന്റെ പേരു് സത്യമായി പറയൂ.

സിന്നാ:—സത്യമായി എന്റെ പേരു് സിന്നാ എന്നാണു്.

൨-മത്തെ പൗരൻ:—ഇവനെ ഛിന്നംഛിന്നമായി ചീന്തിക്കളവിൻ. ഇവൻ ഒരു സ്വാമിദ്രോഹിയാണു്.

സിന്നാ:—അല്ല. ഞാൻ സിന്നായെന്ന കവീശനാണു്.

൪-മത്തെ പൗരൻ:—ഇവന്റെ ദുഷ്ടകവിതയ്ക്കായി ഇവനെ ഛിന്നഭിന്നമായി ചീന്തിക്കളവിൻ.

സിന്നാ:—ഞാൻ ദ്രോഹംപ്രവൎത്തിച്ച സിന്നാ അല്ല.

൪-മത്തെ പൗരൻ:—അതെന്തെങ്കിലും ആകട്ടെ; ഇവന്റെ പേരു് സിന്നാ എന്നാണു്. ഇവന്റെ പേരിനെ മാത്രം ഇവന്റെ ഹൃദയത്തിൽനിന്നു് പറിച്ചെടുത്തുകൊണ്ടു് ഇവനെ വിട്ടയച്ചേക്കുവിൻ.

൩-മത്തെ പൗരൻ:—ഇവനെ വലിച്ചുകീറുവിൻ, വലിച്ചുകീറുവിൻ! വരട്ടെ. കൊള്ളികൾ! ഹാ!-ഹാ! തീക്കൊള്ളികൾ! ചിലർ ബ്രൂട്ടസിന്റെ അവിടേയ്ക്കു്; ചിലർ കാഷിയസ്സിന്റെ അവിടേയ്ക്കു്, എല്ലാത്തിനേയും ദഹിപ്പിപ്പിൻ-ചിലർ ഡിസിയസ്സിന്റെ ഗൃഹത്തിലേക്കു്; ചിലർ കാസ്കായുടെ ഭവനത്തിലേയ്ക്കു്; ചിലർ ലിഗാരിയസ്സിന്റെ ഗൃഹത്തിലേയ്ക്കു്; പോവിൻ-ഓടുവിൻ.

(എല്ലാവരും പോയി)

സ്ത്രീസാഹസം
(മാക്ബെത്ത്)

കഥാസംഗ്രഹം.

ക്രിസ്ത്വബ്ദം പതിനൊന്നാം നൂററാണ്ടിൽ സ്കോട്ട്ലാണ്ഡ് ഭരിച്ചിരുന്ന ഡൻകൺ മഹാരാജാ പ്രജാവത്സലനും ബന്ധുക്കളേയും അമാത്യന്മാരേയും ആദരബഹുമാനപുരസ്സരം സ്നേഹിക്കുന്നവനും ആയിരുന്നു. അദ്ദേഹത്തിൻെറ ബന്ധുവായി മാക്ബെത്ത് എന്നു പേരുള്ള ഒരു പ്രഭു ഉണ്ടായിരുന്നു. ഇദ്ദേഹം ഒരു സേനാനായകനും ആയിരുന്നു. ഒരിക്കൽ മാക്ബെത്ത് ശത്രുസംഹാരംചെയ്തു വിജയിയായി സ്വഗൃഹത്തിലേക്കു മടങ്ങിവരുംവഴി മൂന്നു യോഗിനികൾ വന്ന് അദ്ദേഹത്തിനു മേൽക്കുമേൽ സ്ഥാനങ്ങൾ ലഭിക്കും എന്നും ആ രാജ്യത്തിലെ രാജാവായിത്തീരും എന്നും അനുഗ്രഹിച്ച് വരംകൊടുത്ത് അന്തർദ്ധാനംചെയ്തു. ഉടൻതന്നെ അപ്രതീക്ഷിതമായി ഒരു രാജദൂതൻ വന്ന് അദ്ദേഹത്തിനു കൂടുതൽ സ്ഥാനമാനം മഹാരാജാവു നല്കിയിരിക്കുന്നതായി അറിയിച്ചു. യോഗിനികളുടെ വരം ഇത്ര വേഗത്തിൽ സത്യമായി ഭവിച്ചതുകൊണ്ടു് മദാന്ധ്മാതനായിത്തീൎന്ന മാക്ബെത്ത് ഈ സന്തോഷവാൎത്തയെ ഭാൎയ്യയെ അറിയിക്കയും മഹാരാജാവായിത്തീരുന്നതിനു ബദ്ധപ്പാടു കാണിക്കയും ചെയ്തു.

സ്വയംഭ്രഷ്ടയും ദുർമ്മോഹിയും ആയ അദ്ദേഹത്തിൻെറ ഭാൎയ്യ ഇതിലേക്കു വേണ്ട ഉപായങ്ങൾ ചിന്തിച്ചു തുടങ്ങി.

ഈ സന്ദർഭത്തിൽ ഒരിക്കൽ ഡൻകൺ മഹാരാജാവ് മാക്ബെത്തിനെ ബഹുമാനിക്കാനായി അദ്ദേഹത്തിന്റെ ഭവനത്തിൽ ഒരു ദിവസം താമസിക്കണം എന്ന് നിശ്ചയിച്ചു വന്നു. ഈ രാജാതിഥിയെ യഥായോഗ്യം മാക്ബെത്തും അദ്ദേഹത്തിൻെറ പത്നിയും ഉപചരിക്കുന്നതിനു വേണ്ടതെല്ലാം ചെയ്തു.

രാജദൎശനത്തിൽ കൃതാൎത്ഥമായിത്തീരേണ്ടവളായ ആ ഗൃഹിണി ഈ അവസരത്തെ ദുരുപയോഗപ്പെടുത്തി. അവൾ, അവളുടെ ഭവനത്തിൽ നിശ്ശങ്കം ഉറങ്ങിക്കിടന്ന രാജാവായ അതിഥിയെ, ആരും അറിയാതെ വെട്ടിക്കൊന്ന് ആ കൊലക്കുററത്തെ മററുള്ളവരിൽ ആരോപിച്ച് സ്വയം നിരപരാധികളായി ഭവിക്കാം എന്നും യോഗിനികളുടെ ആശീർവാദപ്രകാരം ഭൎത്താവ് വേഗം മഹാരാജാവായിത്തീരുന്നതിനുള്ള ഉപായം ഇതുതന്നെയാണെന്നും കരുതി, ഭൎത്താവിനെ ഈ മഹാപാതകത്തിലേക്കായി പ്രേരിപ്പിച്ചു. ഈ വഞ്ചകാലോചനയേ വിവരിക്കുന്ന ഭാഗമാകുന്നു ഇതിൽ ചേൎത്തിരിക്കുന്നത്.

സ്ത്രീസാഹസം.

അങ്കം ൧. രംഗം ൭.

മാക്ബെത്തിൻെറ ഗൃഹം.

(മാക്ബെത്തിൻെറ ഭാൎയ്യ ഒരു കത്തു വായിച്ചുകൊണ്ടു് പ്രവേശിക്കുന്നു.)

ലേഡി മാക്ബെത്—"വിജയം നേടിയ ദിവസം അവർ എന്നെ കണ്ടു. മൎത്ത്യൎക്കുള്ളതിൽ കൂടുതൽ ജ്ഞാനം അവൎക്കുണ്ടെന്നു് അത്യന്തം വിശ്വസനീയമായ അറിവു് എനിക്കു കിട്ടിയിരിക്കുന്നു. ഞാൻ അവരോടു് വീണ്ടും വീണ്ടും പ്രശ്നങ്ങൾ ചെയ്യുന്നതിനുള്ള ആഗ്രഹത്താൽ തപ്തനായപ്പോൾ അവർ വായുരൂപികളായി മാറി അദൃശ്യകൾ ആയിത്തീൎന്നു; ഞാൻ അതുകണ്ടു വിസ്മയസ്തബ്ധനായി നിന്നുപോയി. അപ്പോഴാണു് മഹാരാജാവിൻെറ ദൂതന്മാർ വന്നതു്. "കാഡറിലെ പ്രഭോ" എന്നു് അവർ എന്നെ സംബോധനം ചെയ്തു. ഈ പദത്തെ പ്രയോഗിച്ചിട്ടാണു് ആ യോഗിനികൾ എന്നെ അഭിവാദനം ചെയ്തതും; "അങ്ങു് വിജയിയായി ഭവിക്കട്ടെ; അങ്ങു് മഹാരാജാവായി ഭവിക്കും" എന്ന ആശീൎവാദങ്ങളാൽ അവർ ഭവിഷ്യത്തിനെ സൂചിപ്പിച്ചതും; എൻെറ വൈഭവത്തിൻേറയും ഐശ്വൎയ്യത്തിൻേറയും സഹഭാഗിനിയായ പ്രിയതമേ, ഭവതിക്കു് ഏതുവിധമായ ഐശ്വൎയ്യം ലഭിക്കാൻ പോകുന്നു എന്നു് ഭവതി അറിയാത്തതു

നിമിത്തം ഭവതിയുടെ പങ്കിനുള്ള ആഹ്ലാദം അനുഭവി ക്കാതെ ഇരിക്കരുത്ത് എന്നു കരുതി ഈ വിവരം ഉടനെ ഞാൻ അറിയിക്കുന്നതാകുന്നു. ഇതിനെ മനസ്സിൽവെച്ചു കൊൾക. ശുഭമസ്തു." അങ്ങ് ഗ്ലാമിസ്ഗിരിയിലെ പ്രഭു വാണ്. ഇപ്പോൾ കാഡറിലെ പ്രഭുവും ആയി. അങ്ങേക്കു കിട്ടും എന്നു പറഞ്ഞിട്ടുള്ള പദവിയും അങ്ങേക്കു കിട്ടു ന്നതാണ്. എന്നിരുന്നാലും അവിടുത്തെ പ്രകൃതിയെ ക്കുറിച്ച് എനിക്കു ശങ്കയുണ്ട്. എന്തെന്നാൽ, അതു് എ ത്രയും അടുത്തവഴി പോകാതിരിക്കുന്നതിന് ഇടയാക്കാ തിരിക്കത്തക്കവിധത്തിൽ അത്യധികം മാനുഷകാരു ണ്യപ്പാൽകൊണ്ടു നിറഞ്ഞിരിക്കുന്നു. അങ്ങേക്ക് ഉന്നത സ്ഥാനത്ത് ഇരിക്കാൻ മനസ്സുണ്ട്. അങ്ങേക്ക് ഉച്ചപദ വാഞ്ഛ ഇല്ലാതില്ല; എന്നാൽ അതിനെ പ്രാപിക്കാൻ അവശ്യം വേണ്ടതായ സാഹസികമായ മനോനിശ്ചയം അങ്ങേക്ക് ഇല്ല. അങ്ങ് ആഗ്രഹിക്കുന്ന ഉന്നതസ്ഥാന ത്തെ മാന്യവും നിഷ്കളങ്കവും ആയ മാർഗ്ഗേണ ലഭിക്കും എന്ന് അങ്ങു വിചാരിക്കുന്നു. കപടംകാണിക്കാൻ അങ്ങേ ക്ക് മനസ്സില്ല; എന്നാൽ കപടംകൊണ്ടുമാത്രം ലഭ്യമാ കുന്ന പദവിയിൽ അങ്ങേക്ക് മോഹം ഉണ്ടുതാനും. "തനിക്ക് ഇതു വേണം എങ്കിൽ താൻ ഇപ്രകാരം ചെ യ്യണം" എന്നു വിളിച്ചുപറയുന്ന പദവിയെ, മഹാനായ ഗ്ലാമിസ്പ്രഭോ! അങ്ങ് ആഗ്രഹിക്കുന്നുണ്ട്. അതു ചെ യ്യാൻ അങ്ങ് ഭയപ്പെടുകയും ചെയ്യുന്നു. അതു നടത്തരു ത് എന്നു വിചാരിക്കുന്നതിലധികമായി അതു നടത്താൻ ഭയപ്പെടുകയാണ് അങ്ങു ചെയ്യുന്നത്. അതിനാൽ

ഇവിടെ എളുപ്പം വന്നുചേരണം വന്നുചേന്നാൽ, എന്റെ സത്വപത്തേ്യ അങ്ങേടെ ശ്രവണദ്വാരത്തിൽ ഒഴിച്ചുതരാം. വേഗം വന്നെത്തുകതന്നെ. ഏതു കിരീടം അങ്ങ് ധരിക്കും എന്നു് വിധിയും അമാനുഷവാക്കും വ്യക്തമായി ഉദ്ദേശിച്ചിരിക്കുന്നുവോ ആ സ്വൎണ്ണക്കിരീടം ധരിക്കുന്നതിന് പ്രതിബന്ധമായി നിൽക്കുന്നതിനെ എല്ലാം, എന്റെ നാവിന്റെ ശക്തികൊണ്ടു്, ഞാൻ അടിച്ചോടിക്കുന്നുണ്ടു്.

(ഒരു ദൂതൻ പ്രവേശിക്കുന്നു)

എന്തു വൎത്തമാനം?

ദൂതൻ:—മഹാരാജാ ഇന്നു രാത്രി ഇവിടെ എഴുന്നള്ളുന്നു.

ലേഡി:—നിനക്കു പിച്ചുണ്ടോ? നിന്റെ യജമാനൻ തമ്പുരാനോടൊന്നിച്ചില്ലയോ? അദ്ദേഹം ഉണ്ടായിരുന്നാൽ സൽക്കാരത്തിനായി വേണ്ടതെല്ലാം ഒരുക്കണം എന്നു് അദ്ദേഹം പറഞ്ഞയച്ചിരിക്കുമായിരുന്നു.

ദൂതൻ:—അത്രഭവതി! അതു സത്യംതന്നെ. നമ്മുടെ യജമാനനും വരുന്നുണ്ടു്; എന്റെ കൂട്ടുകാരൻ ഒരുത്തൻ എന്നോടൊന്നിച്ചു വേഗത്തിൽ ഓടി ഇതാ എത്തീട്ടുണ്ടു്; പക്ഷെ ഇവിടെ വന്നപ്പോൾ വിവരം അറിയിക്കാൻകൂടി ശക്തിയില്ലാത്തവിധത്തിൽ അത്രത്തോളം ശ്വാസംമുട്ടി വന്നു കിടക്കുന്നു.

ലേഡി:—അവന്നു് വേണ്ടതു കൊടുത്തു് ആശ്വസിപ്പിക്കുക. അവൻ മംഗളമായ വാൎത്ത അറിയിക്കുവാൻ വന്നവനാണല്ലോ. (ദൂതൻ പോയി) എന്റെ കോട്ടയുള്ള

കത്തുള്ള അരമനയിൽ മഹാരാജാവിന്റെ മരണകരമായ പ്രവേശത്തെ സൂചിപ്പിക്കുന്ന കാകന്റെ കരച്ചിൽപോലും ശ്രവണാരുന്തുദമായല്ലയിരിക്കയുള്ളു. മർത്ത്യവിചാരങ്ങളെ ശുശ്രൂഷിച്ചുപോരുന്ന ദേവതമാരെ, ഇക്കാര്യത്തിൽ എന്നെ പുരുഷനായി മാറ്റുവിൻ! എന്റെ തലമുതൽ കാൽവരെ അത്യന്തം ദാരുണങ്ങളായ ക്രൂരകർമ്മങ്ങളെക്കൊണ്ടു നിറയ്ക്കുവിൻ. എന്റെ രക്തത്തെ അലിവില്ലാതാക്കുവിൻ. പ്രകൃത്യാ ഉള്ള പശ്ചാത്താപചിന്തകൾ കയറിവന്ന് എന്റെ ക്രൂരവിചാരത്തെ വിചലിപ്പിക്കയും കർമ്മത്തിന്നും ഫലത്തിന്നും നടുക്കു ശമത്തെ സ്ഥാപിക്കയും ചെയ്യാതിരിക്കത്തക്കവണ്ണം അനുതാപത്തിനുള്ള ദ്വാരങ്ങളെ എല്ലാം അടയ്ക്കുവിൻ. മനുഷ്യരിൽ സഹജമായിക്കാണുന്ന ദോഷപ്രവണതമൂലം മനുഷ്യജീവിതത്തിനു ഹാനിവരുത്തുന്ന കാര്യങ്ങളിൽ സർവ്വത്ര അദൃശ്യരൂപികളായി കാത്തുനിന്നു രക്ഷിച്ചുപോരുന്ന ഘാതകസഹായന്മാരായ ദേവതമാരേ! നിങ്ങൾ എന്റെ അടുക്കൽ വന്ന് എന്റെ മുലപ്പാലിനെ വിഷമാക്കുവിൻ. എനിക്കുള്ള ദയാദാക്ഷിണ്യാദിയായ മൃദുസ്വഭാവത്തെ മാറ്റി എന്നിൽ ക്രൂരസ്വഭാവത്തെ ഉറപ്പിച്ചുതരുവിൻ. ഗാഢാന്ധകാരമായ രാത്രിയേ, നീ എന്റെ തീക്ഷ്ണമായ കത്തിക്കുപോലും അതു് ഉളവാക്കുന്ന മുറിവിനെ കാണ്മാൻ പാടില്ലാത്തവിധം സ്വർല്ലോകംതന്നെ അല്ലിരുൾ ആകുന്ന പുതപ്പിൽക്കൂടി നോക്കി "അരുതരുതു്" എന്നു വിളിച്ചുപറയാതിരിക്കത്തക്കവണ്ണം കറുത്തിരുണ്ട നരകപ്പുകകൊണ്ടു മൂടിപ്പുതച്ചിരുന്നുകൊള്ളുക.

(മാക്‌ബെത് പ്രവേശിക്കുന്നു)

മഹാനായ ഗ്ലാമിസ് പ്രഭോ, മാന്യനായ കാഡർ പ്രഭോ, ഈ രണ്ടു സ്ഥാനങ്ങളേയും അപേക്ഷിച്ച് ഉയൎന്ന പദവി അനുഭവിക്കാൻ പോകുന്ന നാഥാ! അവിടത്തെ കത്തു ഭാവിജ്ഞാനം തീരെ ഇല്ലാത്ത വൎത്തമാനകാലത്തിനപ്പുറം ഉള്ള അവസ്ഥയിലേക്ക് എന്നെ നയിപ്പിച്ചിരിക്കുന്നു. ആ ഭാവ്യാവസ്ഥ ഇക്ഷണത്തിൽ തന്നെ വന്നിരിക്കുന്നതായി ഞാൻ അനുഭവിക്കയും ചെയ്യുന്നു.

മാക്‌ബെത്:—പ്രിയതമേ! ഡൻകൺ മഹാരാജാവ് ഇന്നു രാത്രി ഇവിടെ എഴുന്നള്ളുന്നു.

ലേഡി.—എന്ന് മടങ്ങി എഴുന്നള്ളും?

മാക്‌ബെത്.—നാളെ പ്രഭാതത്തിൽ എന്നാണ് കല്പിച്ചിരിക്കുന്നതു്.

ലേഡി.—അപ്രകാരമുള്ള പ്രഭാതത്തെ സൂൎയ്യൻ കാണാതിരിക്കട്ടെ! നാഥ! അവിടുത്തെ മുഖം ആളുകൾക്ക് അസാധാരണമായ വിശേഷകാൎയ്യങ്ങൾ വായിച്ചറിയാവുന്ന പുസ്തകംപോലെ ആയിരിക്കുന്നു. ലോകത്തെ തോല്പിക്കുന്നതിനായി കാലോചിതമായ ഭാവത്തെ ധരിച്ചുകൊൾക. അവിടുത്തെ കണ്ണിലും, അവിടുത്തെ കയ്യിലും, അവിടുത്തെ നാവിലും, സൽക്കാരങ്ങളെ വഹിച്ചുകൊൾക! അങ്ങ് കാഴ്ചയിൽ നിഷ്കളങ്കമായ പുഷ്പംപോലെ ഇരിക്കണം; എന്നാൽ അതിനുള്ളിൽ അങ്ങ് ഒരു സൎപ്പമായിത്തന്നെ ഇരിക്കേണ്ടതുമാണ്. വരുന്നയാളുകളുടെ വകയ്ക്കുവേണ്ടതെല്ലാം കരുതേണ്ടതാകുന്നു. ഇന്നത്തെ രാത്രി വേണ്ടതായ മഹോദ്യമം എല്ലാം എന്റെ ചുമതലയിൽ

വിട്ടുതരണം. ഈ ഒരു രാത്രിയിലെ ഉദ്യമം നമ്മുടെ ഭാവിയായ എല്ലാ രാത്രികളിലും എല്ലാ പകലുകളിലും നമുക്ക് ഏകാധിപത്യത്തേയും അളവററ അധികാരത്തേയും നല്കുന്നതാണ്.

മാക്ബെത്:—മേൽ വേണ്ട കാര്യം പിന്നെ ആലോചിക്കാം.

ലേഡി:—മുഖം മാത്രം പ്രസന്നമായിരിക്കട്ടെ. മുഖഭാവത്തെ അടിക്കടി മാററുന്നതു ഭീരുതയാണ്. ശേഷം എല്ലാം എനിക്കു വിട്ടേക്കണം.

(എല്ലാവരും പോയി)

———

രംഗം ൬.

മാക്ബെത്തിൻെറ കോട്ടയുടെ മുൻവശം.

(അമാത്യാദികളോടും സേനാപതിമാരോടും കൂടി ഡൻകൺ മഹാരാജാ സാനുചരനായി പ്രവേശിക്കുന്നു.)

ഡൻകൺ:—ഈ ദുർഗ്ഗം ആഹ്ളാദകരമായ സ്ഥലത്തു സ്ഥിതിചെയ്യുന്നു. ഇവിടത്തെ പുഷ്പമണമേററ മധുരമായ ശുദ്ധവായു നമ്മുടെ ശാന്തങ്ങളായ ഇന്ദ്രിയങ്ങളെ പീയൂഷംപോലെ പ്രസാദിപ്പിക്കുന്നു.

ബാൻകോ.—അരുളിച്ചെയ്തതുപോലെ ഇവിടത്തെ വായു ശുദ്ധവും സുഖാവഹവും ആയിരിക്കുന്നു. ഈ ഗൃഹത്തിൻെറ മൂലകളിലും പൊത്തികകളുടെ താഴെയും തൂങ്ങിക്കിടക്കുന്ന കൂടുകൾ കാണുന്നുണ്ടല്ലൊ. അവ വേനൽക്കാലങ്ങളിലെ അതിഥി ആയ മീവൽ പക്ഷിയുടെ

കൂട്ടകൾ ആണു്. അതു സാധാരണമായി വലിയ അമ്പലങ്ങളിലാണു് കൂട്ടകെട്ടുന്നതു്. ആ കൂട്ടകൾ മീവൽപക്ഷിയുടെ ആട്ടമഞ്ചമോ അതിന്റെ മുട്ടകളെ പൊരുന്നി കുഞ്ഞുകളാക്കി അവയെ പോററുന്നതിന്നായുള്ള തൊട്ടിലുകളോ എന്നു തോന്നുന്നു. ഈ തൂക്കക്കൂട്ടകൾ കാണുന്ന സ്ഥലത്തിലെ വായു ശുദ്ധവും സുഖാവഹവും ആയിരിക്കും എന്നു് ഞാൻ അനുഭവംകൊണ്ടു് അറിഞ്ഞിട്ടുണ്ടു്.

(ലേഡി മാക്ബെത് പ്രവേശിക്കുന്നു.)

ഡൻകൺ:—ഇതാ നമ്മുടെ ബഹുമതിയായ ഇവിടത്തെ സ്വാമിനി. അല്ലേ മഹാമനസ്വിനീ! സ്നേഹം എന്നതു് വലിയ ഗുണംതന്നെ. എന്നാൽ ചിലപ്പോൾ അതുമൂലം മഹത്തായ ഉപദ്രവങ്ങളും. കഷ്ടപ്പാടുകളും അനുഭവിക്കേണ്ടി വരും. സ്നേഹമൂലം ഉണ്ടാകുന്ന ഉപദ്രവങ്ങളെ നാം അഭിനന്ദിക്കേണ്ടതായും ഇരിക്കുന്നു. സംഗതികൾ ഈ വിധം ഇരിക്കകൊണ്ടു് നിങ്ങൾ നമുക്കുവേണ്ടി അനുഭവിക്കുന്ന കഷ്ടപ്പാടുകൾക്കായി നിങ്ങളെ അനുഗ്രഹിക്കുന്നതിലേക്കു ദൈവത്തോടു പ്രാർത്ഥിക്കേണ്ട വിധം ഇന്നതാണെന്നും നമുക്കുവേണ്ടി അനുഭവിപ്പിക്കുന്ന ഉപദ്രവത്തിനായി നമ്മോടു കൃതജ്ഞതയോടുകൂടിയിരിക്കയല്ലാതെ നമ്മെ കുററപ്പെടുത്തരുതെന്നും നാം നിങ്ങളെ ഉപദേശിക്കുന്നു.

ലേഡി.—തിരുമേനി ഇവിടെ എഴുന്നള്ളിയതുനിമിത്തം ഞങ്ങളുടെ ഗൃഹത്തിൽ വർഷിച്ചിട്ടുള്ള അഗാധവും വിശാലവും ആയ ബഹുമതികളോടു താരതമ്യപ്പെടുത്തിനോക്കുമ്പോൾ ഞങ്ങൾ ചെയ്യുന്ന ഓരോ ഉപചാര

വും ചതുർഗ്ഗുണമായിരുന്നാൽപോലും കേവലം തുച്ഛമത്രേ. ഇതിനു മുമ്പിൽ തന്നെ ഞങ്ങൾക്കു തന്നിട്ടുള്ളതും ഈയിട കൂടുതലായി ചൊരിഞ്ഞിട്ടുള്ളതും ആയ സ്ഥാനമാനങ്ങളാൽ അനുഗൃഹീതരായിരിക്കുന്ന ഞങ്ങൾ അവിടത്തെ സർവ്വോൽക്കർഷത്തിന്നായും ഉത്തരോത്തരം ഐശ്വര്യാഭിവൃദ്ധിക്കായും സദാ ഈശ്വരനെ പ്രാർത്ഥിച്ചു കാലം കഴിക്കാൻ കടംപെട്ടവരായി ഭവിച്ചിരിക്കുന്നു.

ഡൻകൺ:—കാഡറിലെ പ്രഭു എവിടെ? നാം അദ്ദേഹത്തിനോടടുപ്പിച്ചു സവാരിചെയ്തു; അദ്ദേഹത്തെ പുറകിലാക്കി മുമ്പെ ഞങ്ങൾക്കു ഇവിടെ എത്തണം എന്നായിരുന്നു ഞങ്ങളുടെ മോഹം. എന്നാൽ അദ്ദേഹം നല്ല സവാരിക്കാരൻ ആണു്. കുതിരയെ ഓടിപ്പാനുള്ള ചെരിപ്പുമുള്ളുപോലെ തീക്ഷ്ണമായ അദ്ദേഹത്തിന്റെ സ്നേഹം സഹായമായി നിന്നതിനാൽ സ്വഗൃഹത്തിൽ ഞങ്ങൾക്കു മുമ്പേ എത്താൻ അദ്ദേഹത്തിന്നു കഴിഞ്ഞു. ഉത്തമയും സുന്ദരിയും ആയ നിങ്ങളുടെ അതിഥിയായി നാം ഇന്നു രാത്രി ഇവിടെ താമസിക്കയാണു്.

ലേഡി.—ഞങ്ങൾ എന്നും തിരുമേനിയുടെ ദാസന്മാരാണു്. ഈ ദാസന്മാരും, ഇവരുടെ ദാസന്മാരും, ഇവരുടെ വകയായ സകലവും, തിരുമേനിയുടെ വകയാണു്. ഇവയെ ഭാരമേററ സ്വത്തുപോലെ ഞങ്ങൾ തിരുമേനിക്കുവേണ്ടി സൂക്ഷിച്ചുകൊണ്ടിരിക്കുന്നതേയുള്ളു. അതുകൊണ്ടു് കല്പിച്ചു് ആവശ്യപ്പെടുമ്പോൾ എല്ലാം അതുകളുടെ കണക്കു ഞങ്ങൾ ബോദ്ധ്യപ്പെടുത്തേണ്ടതും തിരിയെ ഏല്പിക്കേണ്ടതും ആകുന്നു.

ഡൻകൺ:—കൈ തരിക; കാഡർ പ്രഭു ഇരിക്കുന്നേടത്തു നമ്മെ കൊണ്ടുപോകണം. നമുക്കു പ്രഭുവിനോടു വലുതായ സ്നേഹം ഉണ്ട്. മേൽക്കുമേൽ വേണ്ട ബഹുമതികൾ നാം അദ്ദേഹത്തിനു കൊടുത്തുകൊണ്ടിരിക്കും. നമുക്കു പോകാം.

(എല്ലാവരും പോയി)

———

രംഗം ൭.

മാക്ബെത്തിൻെറ ദുർഗ്ഗം.

ഊണുകഴിക്കാൻ ഒരുക്കുന്നു. വിളക്കുകളും പ്രധാന വിളമ്പുകാരും ഭക്ഷണസാധനങ്ങളും പാത്രങ്ങളും മററും എടുത്തുകൊണ്ട് അനവധി സേവകന്മാർ രംഗത്തിൽ കൂടി നടന്നുപോകുന്നു. പിന്നാലെ മാക്ബെത് പ്രവേശിക്കുന്നു.

മാക്ബെത്:—അതു ചെയ്തു കഴിഞ്ഞാൽ ദോഷം ഒന്നും കൂടാതെ അവസാനിക്കുമെങ്കിൽ നല്ലതു്, അതു വേഗത്തിൽ ചെയ്യുന്നതാണു്. വധം അതിൻെറ ദോഷഫലങ്ങളെ തടഞ്ഞു നിൎത്തുകയും ആ ദോഷഫലങ്ങൾ എല്ലാം ഇല്ലെന്നു വന്നാൽ എനിക്കു ജയഫലം പിടിച്ചുതരികയും ചെയ്യുന്നതായാൽ ഈ ഒരു വെട്ടു മാത്രം തന്നെ സംഗതിയുടെ ആദിയും അന്തവും ആയിത്തീരാമെന്നുള്ളതാണു്. ഭൂതം, ഭാവി, എന്ന ആദ്യന്തരഹിതമായ കാലങ്ങൾ ആകുന്ന മഹാസമുദ്രങ്ങളുടെ ഇടയ്ക്കു വൎത്തമാനം ആകുന്ന മണൽക്കരയിടുക്കിൽ നിന്നുകൊണ്ടു് പരലോകത്തേയും അവിടെ നമുക്കു വെച്ചിട്ടുള്ളവയേയും നിസ്സാരങ്ങളായി ഗണിച്ചുപേക്ഷിച്ചേക്കാം. എന്നാൽ ഇത്തരം

കാൎയ്യങ്ങളിൽ എന്തുതന്നെയായാലും ഇവിടേയും വിചാരണചെയ്തു ശിക്ഷ നല്കുന്നതാണല്ലൊ. ഈ പ്രവൃത്തികളാൽ മരണകൎമ്മപാഠങ്ങളെ നാം മററുള്ളവൎക്കു പഠിപ്പിക്കയാണു ചെയ്യുന്നതു്. ആ പാഠം തിരിച്ചടിച്ചു ഗുരുവിനെത്തന്നെ പിടികൂടുന്നതുമാണു്. ഈ പക്ഷഭേദം മററുള്ള നീതി അന്യന്മാൎക്കു കൊടുക്കാനായി നാം വിഷം കലക്കിവച്ചിട്ടുള്ള പാത്രങ്ങളിൽ ഉള്ള പാനീയത്തെ നാം തന്നെ കുടിക്കാൻ ഇടയാകുന്നു. അദ്ദേഹം ആകട്ടെ, ഇവിടെ ഉഭയഥാവിശ്വാസം പൂണ്ടു വന്നു താമസിക്കുന്നയാൾ ആണു്. ഒന്നാമതു് ഞാൻ അദ്ദേഹത്തിന്റെ ബന്ധുവും അദ്ദേഹത്തിന്റെ പ്രജയും ആകുന്നു. ഈ രണ്ടു കാരണങ്ങളും ഈ പ്രവൃത്തിക്കു വിരുദ്ധം ആകുന്നു. രണ്ടാമതു്, ഞാൻ അദ്ദേഹത്തിനെ വധിക്കാൻ വന്നവരുടെ നേരെ എതിൎത്തു നിന്നു രക്ഷിക്കാൻ കടപ്പെട്ടവനായിരിക്കുന്നതല്ലാതെ ഞാൻ തന്നെ വധത്തിനായി ഖഡ്ഗം ധരിച്ചുപോകരുതാത്തതാകുന്നു. എന്നുതന്നെയുമല്ല ഈ ഡൻകൺ അനേക സൽഗുണസമ്പന്നൻ; തീരെ ഗൎവ്വിതനല്ല; അതിശാന്തൻ; സ്വധൎമ്മനിൎവ്വഹണത്തിൽ നിഷ്കളങ്കൻ. അതുകൊണ്ടു് അദ്ദേഹത്തിന്റെ പ്രാണഹരണം ആകുന്ന ഈ മഹാപാതകത്തിനു പ്രതികൂലമായി അദ്ദേഹത്തിന്റെ സൽഗുണങ്ങൾ ഭേരിനാദമുള്ള നാവുകളോടു കൂടി ദേവദൂതന്മാർ എന്നപോലെ അദ്ദേഹത്തിനു വേണ്ടി വാദിക്കും—എന്നുതന്നെയുമല്ല അദ്ദേഹം കരുണാവാരിധി. ആ കരുണ ഇപ്പോൾ ജനിച്ച ശിശുപോലെ, ജ്ഞാനേന്ദ്രിയങ്ങളാൽ അറിയപ്പെടാതേയും പദാൎത്ഥബന്ധം ഇല്ലാതേയും, പാഞ്ഞോടിപ്പോ

കുന്ന ഈശ്വരചൈതന്യം ആകുന്ന തപാൽകുതിരകളിൽ കയറി എല്ലാവൎക്കും ഈ ക്രൂരകൎമ്മത്തെപ്പററിയുള്ള അറിവു കൊടുത്തു് അവരുടെ നേത്രങ്ങളിൽനിന്നു് അശ്രുധാര പൊഴിപ്പിക്കും. എൻെറ ഉദ്ദേശം ആകുന്ന കുതിരയുടെ ഇരുവശത്തും കുത്തി ഓടിക്കുന്നതിനു വേണ്ട ചെരുപ്പുമുള്ളുകൾ എനിക്കു് ഇല്ലാ. എന്നാൽ ഉച്ചപദമോഹം മാത്രം എനിക്കു് അതിമാത്രം ഉണ്ടു്; ആ ഉച്ചപദത്തിലേക്കു് ആ അതിക്രമമായുള്ള മോഹംകൊണ്ടു ചാടിച്ചെല്ലുമ്പോൾ ഞാൻ എവിടെച്ചെന്നെത്തും എന്നു നിശ്ചയം ഇല്ല. ആ ചാട്ടത്തിൽ പക്ഷെ മറുവശത്തു വീണു മരിക്കാനാണു് എളുപ്പം.

(ലേഡി മാക്ബെത്ത് പ്രവേശിക്കുന്നു)

ഹാ, ഹാ, എന്തു വിശേഷം?

ലേഡി:—അദ്ദേഹം ഊണു കഴിച്ചു് എഴുന്നീക്കാറായി. അവിടുന്നു് എന്തിനാണു പോന്നതു്?

മാക്ബെത്ത്:—അദ്ദേഹം ചോദിച്ചുവോ?

ലേഡി:—ചോദിച്ചു എന്നറിഞ്ഞില്ലേ—

മാക്ബെത്ത്:—ഈക്കാൎയ്യത്തിൽ ഒന്നും ഇനി നാം നടത്തരുതു്. അദ്ദേഹം അടുത്ത കാലത്താണു് കൂടുതൽ സ്ഥാനമാനങ്ങൾ എനിക്കു നല്കിയതു്. സകലവിധജനങ്ങളും എന്നെ സ്തുതിച്ചു ശ്ലാഘിക്കുന്നു. ഈ ശ്ലാഘയേയും കീൎത്തിയേയും നൂതനകാന്തിയോടുകൂടി നാം ധരിക്കയല്ലാതെ അത്ര വേഗത്തിൽ ഉരിഞ്ഞെറിഞ്ഞുകളയരുതു്.

ലേഡി:—അങ്ങു് ധരിച്ചിരുന്നതായ ആശ കേവലം കള്ളുകുടിച്ചവൻെറ ആശപോലെയായിരുന്നുവോ?

കഷ്ടം! അങ്ങേടെ ധൈര്യം എല്ലാം ഒരു കുടിയന്റെ ധൈര്യത്തിലും താന്നതോ? കഷ്ടം! കുടിച്ചുമദം തീൎന്നപ്പോൾ ആശ ഉറങ്ങിപ്പോയോ? ഉറക്കം ഉണൎന്ന് ഇതാ എണീററപ്പോൾ മുമ്പിൽ അതു നിരങ്കുശമായി പ്രവൎത്തിച്ചതിനെ വിചാരിച്ച് പേടിച്ചിരിക്കുന്നുവോ? അങ്ങേക്ക് എന്റെ പേരിലുള്ള സ്നേഹം ഇപ്രകാരം ഉള്ളതത്രേ എന്ന് ഞാൻ ഈ നേരം മുതൽ ഗണിക്കാം. അങ്ങേടെ ആഗ്രഹത്തിന്റെ വലിപ്പംപോലെ നെഞ്ഞുറപ്പോടുകൂടി പ്രവൃത്തിയിലും വലിപ്പം കാണിക്കാൻ അങ്ങു പേടിക്കയാണൊ? അങ്ങേ ജീവിതത്തിനു അലങ്കാരമായി അങ്ങു ഗണിക്കുന്ന സാധനത്തിനായി അങ്ങു മോഹിക്കുന്നുണ്ടല്ലോ. പിന്നെ മോഹവിചാരം ഉണ്ടായിരിക്കേ ഈ സാഹസം എനിക്കു പ്രയാസം എന്നു ചെവിയിൽ മന്ത്രിക്കുന്ന അധമമായ ഭീരുതയേക്കൊണ്ട്, എനിക്കു വേണം എന്നു വിളിച്ചുപറയുന്ന മഹത്തായ മോഹത്തെ, കീഴടക്കിച്ച് എന്നെന്നേയ്ക്കും തന്റെ ദൃഷ്ടിയിൽ തന്നെത്താൻ ഒരു ഭീരുവായി കാലം കഴിച്ചുകൂട്ടുവാനൊ അങ്ങ് ഭാവിച്ചിരിക്കുന്നത്? നഖം നനയ്ക്കാതെ നത്ത പിടിക്കണം എന്നാണു വിചാരം.

മാക്ബെത്:—ശരി, പതുക്കെ പറയൂ. മനുഷ്യോചിതമായ സകലവും ചെയ്യാൻ ഞാൻ തയ്യാറാണ്. അതിലധികം പ്രവൎത്തിക്കയില്ല ആരും.

ലേഡി:—അങ്ങ് എന്തു ജന്തുവായിരുന്നു ഈ പ്രവൃത്തിയെപ്പററി എന്നോട് ആദ്യമായി ആലോചിക്കാൻ? ഇതു ചെയ്യാനുള്ള ധീരത ഉണ്ട് എന്നു പറഞ്ഞപ്പോൾ അങ്ങ് ഒരു മനുഷ്യൻ ആയിരുന്നു. മുമ്പിലത്തേതിൽ

കൂടുതൽ സത്ത്വം ഉണ്ടായിരിക്കുന്നതു് അങ്ങേ കൂടുതലായി ആണാക്കുന്നതായിരിക്കുന്നു. അന്നു കാലമൊ ദേശമൊ യോജിക്കാതിരുന്നു; അങ്ങനെയിരുന്നിട്ടും അവ രണ്ടിനേയും ശരിപ്പെടുത്താം എന്നു് അങ്ങു വിചാരിച്ചു. ഇപ്പോൾ കാലവും ദേശവും സ്വയം യോജിച്ചുവന്നിരിക്കുന്നു; ആ യോജിപ്പു് ഇപ്പോൾ അങ്ങേ കൊള്ളരുതാത്തവൻ ആക്കിയിരിക്കുന്നു. ഞാൻ കുട്ടിക്കു മുലകൊടുത്തു വളത്തീട്ടുണ്ടു്; എൻെറ പാൽ കുടിച്ചു വളരുന്ന ആ കുട്ടിയെ സ്നേഹിക്കുന്നതു് എത്ര കരുണയോടുകൂടിയാണെന്നു് എനിക്കു് അറിയാം. അങ്ങു് ഇക്കാൎയ്യത്തിൽ ശപഥം ചെയ്തിരുന്നതുപോലെ ഞാൻ ആ എൻെറ കുട്ടിയെ കൊല്ലാം എന്നു ശപഥം ചെയ്തിരുന്നു എങ്കിൽ കുഞ്ഞു മുലകുടിച്ചുകൊണ്ടു് എൻെറ മുഖം നോക്കി പുഞ്ചിരി തൂകിക്കൊണ്ടിരിക്കുമ്പോൾ തന്നെ എൻെറ മുലക്കണ്ണിനെ അതിൻെറ പല്ലില്ലാത്ത ഊനിൽ നിന്നു പറിച്ചെടുത്തു് അതിനെ തലമാറിപ്പിടിച്ചു് നിലത്തടിച്ചു തകൎത്തുകളയും ആയിരുന്നു. നിശ്ചയമാണു്.

മാക്:—ഇതിൽ നമുക്കു തോലി വന്നാലോ?

ലേഡി:—നാം തോൽക്കുകയൊ? അങ്ങേ ധീരതയെ അതു് ഉറയ്ക്കേണ്ട സ്ഥലത്തു മുറുക്കി ഉറപ്പിച്ചുവയ്ക്കണം. എന്നാൽ നമുക്കു തോലി വരികയില്ല. ഇന്നത്തെ യാത്രയിൽ ഉണ്ടായ കായക്ലേശം നിമിത്തം തിരുമേനിക്കു ഗാഢനിദ്ര ഉണ്ടാകുന്നതാണു്. പിന്നെ രണ്ടു തവണക്കാർ ഉണ്ടു്. അവൎക്കു ഞാൻ വേണ്ട മദ്യം കൊടുത്തു് അവരുടെ തലച്ചോറിനെ കാവൽ കാക്കുന്ന ഓൎമ്മയെ ആവിയാക്കിയും ബുദ്ധിയുടെ ആശയത്തെ ആ ആവി പോകാനുള്ള

യന്ത്രമാക്കിയുംചെയ്തു് അവരെ ശവപ്രായമാക്കുന്നുണ്ടു്. തവണക്കാർ അങ്ങനെ പന്നികളെപ്പോലെ കിടക്കുമ്പോൾ അരക്ഷിതനായി ഗാഢനിദ്രയിൽകിടക്കുന്ന മഹാരാജാവിനെ അങ്ങേക്കും എനിക്കും എന്തുതന്നെ ചെയ്യാൻ പാടില്ല.

മാക്ബെത്:—നീ പെറുന്നതെല്ലാം ആൺകുട്ടികൾ ആയിരിക്കണം. എന്തെന്നാൽ ആൺകുട്ടികൾക്കല്ലേ നിന്റെ ഈ വിധമുള്ള, ഒന്നിലും ക്രസലശേഷമില്ലാത്ത, ധൈര്യം പകൎന്നു ചെനിരിക്കേണ്ടതു്. ഈ തവണക്കാരുടെ കഠാരികളെത്തന്നെ ഉപയോഗിച്ചു് ഇവരുടെ ഉടുപ്പിലും മററും രക്തം തളിച്ചു് ലക്ഷ്യപ്പെടുത്തുന്നതായാൽ അവർതന്നെ, ഈ കൃത്യം ചെയ്തതായി ലോകം വിശ്വസിക്കയില്ലയോ?

ലേഡി:—അങ്ങനെ അല്ലെന്നു പറയാൻ ആൎക്കു് ധൈര്യം ഉണ്ടാകും? അദ്ദേഹത്തിന്റെ മരണത്തെപ്പററി നമുക്കും അനുശോചിക്കാം, മുറവിളികൂട്ടാം, ലഹളക്കൂട്ടാം. അപ്പോൾ നമ്മെ ആരു് സംശയിക്കും?

മാക്ബെത്:—എന്റെ സംശയങ്ങൾ എല്ലാം തീൎന്നു; ഞാൻ തീൎച്ചപ്പെടുത്തിക്കഴിഞ്ഞു; ഉറച്ചു. ഈ ഭയങ്കരമായ പ്രവൃത്തി ചെയ്യാൻ എന്റെ സൎവ്വാംഗങ്ങളേയും, ഓരോ കരണത്തേയും, ഞാൻ വിനിയോഗിക്കും. അതുകൾ തയ്യാറായിരിക്കുന്നു. ഇതാ പുറപ്പെടുന്നു. സന്തോഷവും ദയയും ഉണ്ടെന്നു മുഖത്തു കാണിച്ചു് ചുററുമുള്ള ലോകത്തെ പററിച്ചുകൊണ്ടിരുന്നുകൊൾക. കപടമായുള്ള ഉള്ളു് അറിയുന്നതിനെ കപടമായുള്ള മുഖംകൊണ്ടു് ഒളിച്ചുവെച്ചുകൊണ്ടിരിക്ക. എന്നാൽ ജയം. ജയം.
(എല്ലാവരും പോയി)

അഥല്ലോ.

കഥാസംഗ്രഹം.

പണ്ടു് വെനിസ്ദേശം ഭരിച്ചിരുന്ന ബ്രബാൻഷിയോവിൻ ഡെസ്ഡിമോണാ എന്നു പേരായ ഒരു പുത്രി ഉണ്ടായിരുന്നു. അവളുടെ പാണിഗ്രഹണത്തിനു് അനേകം രാജകുമാരന്മാരും പ്രഭുക്കളും അപേക്ഷിച്ചിരുന്നിട്ടും ക്ഷത്രിയവീര്യം ഉള്ള അവൾ ഒരു യുദ്ധവീരൻെറ പരാക്രമവർണ്ണനകളാൽ അപഹൃതചിത്തയായി അഥല്ലോ എന്ന മഹാശൂരനെത്തന്നെ വിവാഹം ചെയ്യണം എന്നു നിശ്ചയിച്ചു. അവൻ ഒരു മൂരനും ആഭിജാത്യത്തിലും ദേഹാകൃതിയിലും അനനുരൂപനും ആയിരുന്നിട്ടും ആ വക ദോഷം ഒന്നും അവളുടെ സങ്കല്പത്തെ തടുക്കാൻ കഴിഞ്ഞില്ല. അച്ഛനും ഒടുവിൽ അതിനെ അനുമതിക്കേണ്ടിവന്നു. വെനിസ്ദേശത്തെ കൂടക്കൂടെ ആക്രമിച്ചുവന്നിരുന്ന അയൽനാട്ടുകാരായ തുരുസ്കന്മാരെ ഓടിച്ചു് വെനിസിനെ സുരക്ഷിതം ആക്കിയ അഥല്ലോ പ്രധാനസേനാനായകൻ ആയിത്തീൎന്നു; ഒരിക്കൽ അദ്ദേഹത്തിൻെറ കീഴിലുള്ള ഒരു ഉദ്യോഗത്തിനു് ആളാകേണ്ടിവന്നപ്പോൾ അതിലേക്കു യോഗ്യതയുള്ളവൻ കാഷിയോവാണെന്നറിഞ്ഞു കാഷിയോവിനെ നിയമിച്ചു. ആ ഉദ്യോഗത്തെ കാംക്ഷിച്ചുകൊണ്ടിരുന്ന ഇയാഗോ എന്നു പേരുള്ള ഒരു ചെറിയതരം സേനാധികാരി ഇതിൽവച്ചു് ഈൎഷ്യാക്രാന്തനായി. തനിക്കു കിട്ടേണ്ടതായ ശ്രേയസ്സ്

കാഷിയോവിന്നു കിട്ടിയതു ഡെസ്ഡിമോണായുടെ ശീ
പാശ്ശയിന്മേൽ ആണെന്നു വിചാരിച്ച് ഇയാഗൊ ഡെസ്
ഡിമോണായുടേയും കാഷിയോവിൻേറയും നേക്ക് പക
രം വീട്ടണമെന്നു നിശ്ചയിച്ചു. ഇയാഗൊ പ്രധാനസേ
നാപതിയായ അഥല്ലോവിന്റെ പ്രീതി സമ്പാദിച്ച് കാ
ഷിയോവിനെപ്പററി ദൂഷണങ്ങൾ പറഞ്ഞുകേൾപ്പിക്ക
യും അവൻ ഡെസ്ഡിമോണായുടെ ജാരൻ ആണെന്നു
ധരിപ്പിക്കയും ചെയ്തു. ഇയാഗോവിൻേറ ഭാൎയ്യയായ
എമിലിയാ ഡെസ്ഡിമോണായുടെ വിശ്വസ്ത ദാസി
യായിരുന്നു; ഇവൾ മുഖേന ഡെസ്ഡിമോണായുടെ ഒരു
വിശേഷപ്പെട്ട കൈത്തൂവാൽ ഇയാഗോ സംഗ്രഹിച്ച് അ
തിനെ കാഷിയോ നടക്കുംവഴി ഇട്ടിരുന്ന് അവൻ അതി
നെ എടുത്തു വച്ചുകൊള്ളുന്നതിന്ന് ഇടയാക്കി. കാഷി
യോ അതിനെ കയ്യിൽ വച്ചുകൊണ്ടിരുന്ന അവസരം
നോക്കി ഇയാഗോ അഥല്ലോവിനെ കാണിച്ചുകൊടുത്ത്
മേല്പറഞ്ഞ ദോഷാരോപണത്തിന്ന് ഒരു തെളിവും കൃത്രി
മമായി ഉണ്ടാക്കി. ഡെസ്ഡിമോണാ പതിവ്രതാശി
രോമണിയാണെന്നു പൂൎണ്ണമായി ബോദ്ധ്യപ്പെട്ടിരുന്നിട്ടും
അഥല്ലോ ഇയാഗോവിൻേറ ദുർബോധനത്തിൽ അകപ്പെട്ട് അവളിൽ ദുശ്ശങ്കയുള്ളവനായിത്തീൎന്ന് ഒടുവിൽ
അവളെ വധിച്ചു.

അഥല്ലൊ.

———

അങ്കം ൪.

രംഗം ൨.

കോവിലകത്തു് ഒരു മുറി.

(അഥല്ലോവും എമിലിയായും പ്രവേശിക്കുന്നു.)

അഥല്ലോ:—അപ്പോൾ നീ ഒന്നും കണ്ടിട്ടില്ലാ, അല്ലേ?

എമിലിയാ:—എന്നു മാത്രമല്ല കേട്ടിട്ടും ഇല്ലാ; ഒരിക്കലും സംശയിക്കപോലും ചെയ്തിട്ടില്ല.

അഥല്ലോ:—ഇരിക്കട്ടെ. കാഷിയസ്സും അവളും ഒന്നിച്ചിരിക്കുന്നതു നീ കണ്ടിട്ടുണ്ടല്ലോ.

എമിലിയാ:—എന്നാൽ അതിൽ യാതൊരു ദോഷവും കണ്ടിട്ടില്ല. പിന്നെ അവർ തമ്മിൽ നടന്ന സംഭാഷണത്തിൽ അക്ഷരംപ്രതി ഞാൻ കേട്ടു.

അഥല്ലോ:—എന്തു്? അവർ തമ്മിൽ ഒരിക്കലും ചെവിയിൽ മന്ത്രിച്ചില്ലേ?

എമിലിയാ:—ഒരിക്കലും അങ്ങനെ മന്ത്രിച്ചിട്ടില്ല, യജമാനനേ.

അഥല്ലോ:—നിന്നെ അവിടുന്നു പുറകെ പറഞ്ഞയച്ചതുമില്ലേ?

എമിലിയാ:—ഇല്ലാ.

അഥല്ലോ:—അവളുടെ വിശറിയോ അവളുടെ കയ്യുറയോ അവളുടെ മൂടുപടമോ മറ്റോ കൊണ്ടുവരാനായി നിന്നെ പറഞ്ഞയച്ചിട്ടില്ലയോ?

എമിലിയാ:—അയച്ചിട്ടില്ലാ യജമാനനെ.

അഥല്ലോ:—എന്നാൽ അതു് അത്ഭുതംതന്നെ.

എമിലിയാ:—അവിടന്നു കേൾക്കണേ. എന്റെ പ്രാണനാണേ സത്യം. അത്രഭവതി നിഷ്കളങ്കയാണു്. അവിടത്തേക്കു് അന്യഥാ വിചാരം ഉണ്ടെങ്കിൽ അതിനെ ഉടനെ തള്ളിക്കളയണം. വല്ല ധൂൎത്തനും ഈ വിധം കളവു് അവിടത്തെ അടുക്കൽ പറഞ്ഞിട്ടുണ്ടെങ്കിൽ അതു് അവിടത്തെ മാനംകെടുക്കാനാണു്; ചിത്തത്തെ ദുഷിപ്പിക്കാനുമാണു്. അങ്ങിനെ പറഞ്ഞവനെ ഈശ്വരൻ നരകത്തിൽ ഇടും. അത്രഭവതി സാധുവൃത്തയും പതിവ്രതയും സത്യവതിയും വിശുദ്ധശീലയും ആണു്.

അഥല്ലോ.—അവളെ ഇവിടെ വരാൻ പറയൂ; പോകാം. (എമിലിയാ പോയി) ഇവൾ വേണ്ടിടത്തോളം പറയുന്നുണ്ടു് എന്നു വരികിലും ഇവൾ ദാസിയല്ലേയുള്ളു. ഇതിലധികം ഒന്നും ഇവൾക്കു പറയാൻ പാടില്ല. ഇവൾ കള്ളത്തേവിടിശ്ശി; രഹസ്യങ്ങൾ ആയ ധൂൎത്തകൎമ്മങ്ങളെ അടച്ചുപൂട്ടി ഭദ്രപ്പെടുത്തിവച്ചിരിക്കുന്ന ഇരുമ്പുപെട്ടിയാണിവൾ. എന്നിട്ടും ഇവൾ താണുതൊഴുതു ദൈവത്തെ പ്രാൎത്ഥിക്കും. ഇവൾ ഇങ്ങനെ ചെയ്യുന്നതു ഞാൻ കണ്ടിട്ടുണ്ടു്.

(എമിലിയും സെസ്ഡിമോണയോടുകൂടി വീണ്ടും പ്രവേശിക്കുന്നു)

ഡെസ്ഡിമോണ:—പ്രാണനാഥ, ആജ്ഞ കേൾക്കാനായി ഇതാ ഞാൻ വന്നിരിക്കുന്നു.

അഥല്ലോ:—ഇവിടെ വരൂ.

ഡെസ്ഡിമോണ:—അവിടത്തെ ഇഷ്ടം എന്തോ?

അഥല്ലോ:—നിൻെറ കണ്ണുകഠം കാണട്ടെ. എൻെറ മുഖത്തു നോക്കു.

ഡെസ്ഡിമോണ:—ഇതെന്തു ഭയങ്കരമായ ഭാവന!

അഥല്ലൊ:—(എമിലീയായോട്) നിൻെറ വേലകളിൽ ചിലതു് ചെയ്തുകൊള്ളുക. കേട്ടോ, കതകടച്ചുകൊണ്ടു വെളിയിൽ പോവൂ. വല്ലവരും വന്നാൽ ചുമയ്ക്കു; അല്ലെങ്കിൽ ഹ്ഹ്-എന്നാക്കു; നിൻെറ വേലകളിൽ ചിലതു ചെയ്തുകൊള്ളാം; അല്ലാ-വേഗം-പോകു-വേഗം. (എമിലിയാ പോയി)

ഡെസ്ഡിമോണ:—ഞാൻ മുട്ടുകുത്തിത്തൊഴുതു പ്രാൎത്ഥിക്കുന്നു. ഇപ്പോഠം അരുളിച്ചെയ്ത വാക്കിൻെറ അൎത്ഥം എന്തു്? അവിടത്തെ വാക്കുകളെ കൊണ്ടു് ഉള്ളിൽ കൊള്ളാത്ത കോപം അവിടത്തേക്കുള്ളതായി ഞാൻ കാണുന്നു. എന്നാൽ അതുകളുടെ താത്പൎയ്യം മനസ്സിലാകുന്നില്ല.

അഥല്ലൊ:—എന്തു്? നീയാരു്?

ഡെസ്ഡിമോണ:—ഞാൻ അവിടത്തെ കാന്ത. എൻെറ പ്രാണനാഥ! അവിടത്തെ സത്യവതിയും പരമഭക്തയും ആയ കാന്ത!

അഥല്ലൊ:—വരൂ, സത്യം ചെയ്യുക. കള്ളസത്യം ചെയ്തു് സ്വയമേവ നശിച്ചു പോവുക. സ്വൎഗ്ഗവാസികളിൽ ഒരുത്തിയെപ്പോലെയിരിക്കകൊണ്ടു യമകിങ്കരന്മാർ നിന്നെ പിടികൂടുന്നതിന്നു് ശങ്കിക്കാതിരിക്കാനായി സത്യം ചെയ്യുക. അപ്രകാരം ചെയ്തു് ഇരട്ടി പാതകിയായി ഭവിക്കതന്നെ. നീ പതിവ്രതയാണെന്നു് നീ സത്യം ചെയ്യൂ.

ഡെസ്ഡിമോണ:—ഈശ്വരന്ന് ഞാൻ പതിവ്രതയാണെന്ന് സത്യമായും അറിയാം.

അഥല്ലൊ:—അസത്യവ്രതേ, നീ നരകാന്ധകാരംപോലെ കളങ്കിതയാണെന്ന് സത്യമായി ഈശ്വരന്ന് അറിയാം. നീ മഹാകള്ളിയാണ്.

ഡെസ്ഡിമോണ:—എന്റെ പ്രാണനാഥ, ഞാൻ എങ്ങനെ കളങ്കിതയായി? ഞാൻ കള്ളിയല്ല. ഞാൻ ആരോടു കളവു കാണിച്ചു? ആരോടു ചേൎന്നാണ് ഞാൻ കളവു കാട്ടിയതു്?

അഥല്ലൊ:—ഹാ ഡെസ്ഡിമോണാ പോ. പോ. മതി. മതി.

ഡെസ്ഡിമോണ:—കഷ്ടം! കഷ്ടം! ദുൎദ്ദിനം തന്നെ. അവിടന്ന് എന്തിന് കരയുന്നു? ഇങ്ങനെ കണ്ണുനീർ പൊഴിക്കാൻ കാരണം ഞാനാണൊ പ്രാണനാഥ? പോൎക്കളത്തിൽനിന്ന് അവിടത്തെ തിരിയെ വിളിപ്പിച്ചതു് എന്റെ അച്ഛൻമൂലമാണെന്നു ശങ്കിക്കുന്നു എങ്കിൽ ആ അപരാധത്തെ എന്റെ മേൽ ചുമത്തരുതേ. അച്ഛനെ അവിടന്നു കൈവെടിഞ്ഞു എങ്കിൽ അദ്ദേഹത്തെ ഞാനും കൈവെടിഞ്ഞു എന്നതു നിശ്ചയം തന്നെ.

അഥല്ലൊ:—ജഗദീശൻ എന്നെ എല്ലാവിധ രോഗപീഡകളെക്കൊണ്ടും സങ്കടപ്പെടുത്തിക്കൊള്ളട്ടെ. എന്റെ അനാവൃതമായ ശിരസ്സിൽ ലജ്ജാവഹങ്ങളായ അപരാധങ്ങളെ വൎഷിച്ചുകൊള്ളട്ടെ. എന്നെ ദാരിദ്ര്യപാരാവാരത്തിൽ മൂക്കോളം മുക്കിത്താഴ്ത്തിക്കൊള്ളട്ടെ. എന്നേയും എന്റെ മഹത്തായ ആശകളേയും ദൈവം നിഗളിതമാ

ക്കിച്ചെയ്താലും ചെയ്തുകൊള്ളട്ടെ. ഇതുകളെ സഹിക്കത്തക്കവണ്ണം ഒരു ശക്തി എന്റെ ഹൃദയത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്തിൽ ഞാൻ കാണുമായിരുന്നു. ഹാ! കഷ്ടം! ലോകം എല്ലാം എന്നെ ചൂണ്ടിക്കാണിച്ച് ദുസ്സഹമായ ദൂഷണങ്ങൾ എന്നെപ്പററി പറയുന്നതായിരുന്നാലും ഒരുവിധം എനിക്കു സഹിക്കാൻ കഴിയും. എന്നാൽ എന്റെ ആത്മാവിന് ഏകാശ്രയമായ, അതാവിതു്, ഏതിലോ ഞാൻ ജീവിച്ചിരിക്കുന്നതു്, ഏതില്ലായിരുന്നാൽ ജീവനെ എനിക്കു് ധരിക്കാൻ പ്രയാസമോ, ആ സ്ഥാനത്തുനിന്നു് അപക്ഷിപ്തനായാൽ ഞാൻ എങ്ങനെ സഹിക്കും? ഏതുറവു് ഉണ്ടായിരുന്നാൽ അതിൽനിന്നു് എന്റെ പ്രാണനാകുന്ന ജലം പുറപ്പെട്ടൊഴുകിക്കൊണ്ടിരിക്കുമോ, ഏതില്ലാതിരുന്നാൽ പ്രാണജലം വററിപ്പോകുമോ, ആ സ്ഥാനത്തുനിന്നു് എന്നെ ആട്ടിത്തള്ളിക്കളഞ്ഞാൽ ഞാൻ എങ്ങനെ ക്ഷമിച്ചിരിക്കും? എന്നുമാത്രമല്ല; ആ സ്ഥാനത്തെ വിഷത്തവളകൾ ജനിച്ചുവളരുന്ന ജലാശയമാക്കിയാൽ ഞാൻ എങ്ങനെ അടങ്ങിയിരിക്കും? ഹാ ക്ഷമാദേവതേ! അതു കേട്ടപ്പോൾ, നിന്റെ മുഖഭാവം മാറുന്നു. യുവതിയായി ബിംബാധരിയായ നീ ഇപ്പോൾ ഭയാനകയായി തീന്നിരിക്കുന്നു.

ഡെസ്ഡിമോണ:—എന്റെ ശ്ലാഘ്യനായ പ്രാണനാഥൻ എന്നെ ശുചിവ്രതയായി ഗണിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു.

അഥല്ലൊ:—അതേ, അതേ, വേനലിൽ മൃഗങ്ങളെ വധിക്കുന്ന സ്ഥലത്തുണ്ടാകുന്ന ഈച്ചകളെപ്പോലെ;

അവ മാംസത്തെ പുഴപ്പിച്ചു ചീച്ചകളയും; ചീയുംതോറും പുഴക്കറം കൂടുതലാകയും ചെയ്യും. എടീ പുല്ലേ! നീ അത്ര മനോഹരമായ ലാവണ്യത്തോടുകൂടിയവറം; നീ അത്ര മധുരഗന്ധിനി. നിന്നെ കാണുമ്പോറം ഇന്ദ്രിയങ്ങറംക്കു് എല്ലാം വേദനയുണ്ടാകുന്നു. കഷ്ടം! നീയൊരുത്തി ജനിക്കാതിരുന്നിരുന്നു എങ്കിൽ ലോകം എത്ര നന്നായിരുന്നേനെ.

ഡെസ്ഡിമോണ:—അയ്യോ! ഞാൻ അറിയാതെ എന്തപരാധം ചെയ്തു?

അഥല്ലോ:—ഇത്ര മഹത്തായ സൌന്ദര്യം സൃഷ്ടമായതു് വ്യഭിചാരംകൊണ്ടു് അതിൻെറ കോലം കെടുത്താനാണോ? എന്തു ചെയ്തു എന്നോ? കൊള്ളാം! എടീ വാരസേവിനീ! പൊതുസ്വത്തായുള്ളവളേ! നീ ചെയ്ത നീചപ്രവൃത്തികളെ പറയുന്നതിനു തന്നെ ഞാൻ ലജ്ജിക്കുന്നു. എൻെറ നാവു പൊങ്ങുന്നില്ല. കഷ്ടം! എന്തു ചെയ്തെന്നോ? സ്വർഗ്ഗം ആ പ്രവൃത്തികളുടെ നാററം ഏററു് തന്റെ മൂക്കു പൊത്തിയിരിക്കുന്നു. ചന്ദ്രൻ ആ പാപകർമ്മങ്ങളെ കണ്ടു വെറുത്തു കണ്ണടച്ചിരിക്കുന്നു. കാണുന്നവരെ എല്ലാം ചുംബനംചെയ്തു സഞ്ചരിക്കുന്ന വേശ്യാവനിതയെപ്പോലെയുള്ള കാററു് നിൻെറ നീചകർമ്മങ്ങളെ കണ്ടു് ഭൂകുഹരത്തിൽ ചെന്നൊതുങ്ങി നിശ്ശബ്ദമായി ഈ നിൻെറ പ്രവൃത്തികളെപ്പററി കേറംക്കാൻപോലും ഇട വരാതിരിക്കാനായി ഒളിച്ചു കിടക്കുന്നു. നീ എന്തു പ്രവർത്തിച്ചുവെന്നോ? എടീ ധിക്കാരമേറിയ വേശ്യേ!

ഡെസ്ഡിമോണാ:—അവിടന്നു് വൃഥാപരാധം പറയുന്നു. ദൈവമേ നീ സാക്ഷി.

അഥല്ലൊ: —നീ വേശ്യയല്ലയോ?

ഡെസ്ഡിമോണ:—അല്ലാ. ഞാൻ പരിശുദ്ധയായ ഒരു ക്രിസ്തുമതക്കാരിയാണു്. മറെറാരു അനീതിയായ ദുസ്സമ്പക്കം തട്ടാതെ ഈ പാത്രത്തെ എന്റെ നാഥന്റെ ഉപയോഗത്തിലേക്കായി ഞാൻ സൂക്ഷിച്ചു പോരുന്നതു് ഒരു വേശ്യാധമ്മം അല്ലാ എന്നു വരികിൽ നിശ്ചയമായി ഞാൻ വേശ്യയല്ല.

അഥല്ലൊ:—എന്തു്? നീ തേവിടിശ്ശിയല്ലെന്നോ?

ഡെസ്ഡിമോണ:—അല്ലാ; ഈ ദോഷാരോപണത്തിൽനിന്നു് എനിക്കു മോചനം കിട്ടും.

അഥല്ലൊ:—അതു് സംഭാവ്യമാണോ?

ഡെസ്ഡിമോണ:—ദൈവം നമ്മുടെ പ്രവൃത്തികൾക്കു മാപ്പുതരട്ടെ.

അഥല്ലൊ:—എനിക്കു തെററിപ്പോയി. നിന്റെ മാപ്പു ചോദിച്ചുകൊള്ളുന്നു. എന്നാൽ നിന്റെ നേക്കു് ഈശ്വരൻ ദയ കാണിക്കട്ടെ. നീ അഥല്ലൊവിനെ വേട്ടവളായ വെനിസിലെ ആ കള്ളിയായ വേശ്യയാണെന്നു ഞാൻ വിചാരിച്ചുപോയി. അല്ലേ, സ്വഗ്ഗദ്വാരത്തിനു് എതിർവശത്തായി നരകദ്വാരത്തിൽ അധികാരം വഹിച്ചു് അതു കാക്കുന്ന പെണ്ണേ! വരൂ.

(എമിലിയാ വീണ്ടും പ്രവേശിക്കുന്നു)

എടീ വന്നോ വന്നോ! നന്നായി. ഞങ്ങൾ പറയേണ്ട കഥ പറഞ്ഞു കഴിഞ്ഞു. നീ ഇത്രത്തോളം ക്ലേശപ്പെ

ട്ടുന്നതിന്ന് കൂലി ഇതാ! ഈ പണം എടുത്തുകൊൾക. ഞങ്ങളുടെ സംഭാഷണം വെളിയിൽ പോകരുതു്, കേട്ടോ.
(പോയി)

എമിലിയാ:—അയ്യോ! ഈ മഹാൻ എന്തുദ്ദേശി ക്കുന്നു? അത്രഭവതിക്കു് സൌഖ്യം തന്നെയോ? എൻെറ സ്വാമിനിക്കു് സൌഖ്യം തന്നെയൊ?

ഡെസ്ഡിമോണ—ഞാൻ പകുതി ഉറക്കത്തിൽ കിടക്കുന്നു.

എമിലിയാ:—എന്റെ യജമാനന്നു് എന്തു പററി?

ഡെസ്ഡിമോണ:—ആൎക്കു്?

എമിലിയാ:—എൻെറ യജമാനന്നു തന്നെ, അത്ര ഭവതി!

ഡെസ്ഡിമോണ:—നിൻെറ യജമാനൻ ആരു്?

എമിലിയാ:—ദേവിയുടെ പ്രാണനാഥനായ എ ൻെറ യജമാനൻ.

ഡെസ്ഡിമോണ:—എനിക്കു പ്രാണനാഥനില്ല; നാഥനില്ല. എന്നോടു സംസാരിക്കരുതെ, എമിലിയാ യേ! എനിക്കു കരയാൻ ശക്തിയില്ല. കണ്ണുനീർകൊണ്ടു് അറിയിക്കേണ്ടതല്ലാതെ മറുപടി പറയാനും ഒന്നുമില്ല. ഇ ന്നു രാത്രി എൻെറ ശയ്യയിൽ എൻെറ കല്യാണപ്പുടവ വിരിക്കണം. മറന്നുപോകരുതു്. നിന്റെ ഭൎത്താവിനെ ഇ വിടെ വരാൻ പറയൂ.

എമിലിയാ:—ഇവിടെ എന്തോ ഒരു മാററം വ ന്നിട്ടുണ്ടു്. (പോയി).

ഡെസ്ഡിമോണ:—ഇതു ന്യായം തന്നെ. എന്റെ നേക്ക് ഇങ്ങനെതന്നെ കാണിക്കേണ്ടതു്; ശരിതന്നെ. അത്ര കാൎയ്യമായിട്ടല്ലെങ്കിലും എന്നെ കുററപ്പെടുത്തത്തക്ക വണ്ണം അത്യല്പമായ രസക്കേടിനുപോലും എൻെറ നടത്ത ഇടകൊടുത്തതെങ്ങനെ?

(എമിലിയാ ഇയാഗോവിനോടൊന്നിച്ചു വീണ്ടും പ്രവേശിക്കുന്നു)

ഇയാഗോ:—അത്രഭവതിയുടെ ആജ്ഞയെന്തു്? അവിടുത്തേക്കു സൗഖ്യം തന്നെയോ?

ഡെസ്ഡിമോണ:—എനിക്കു പറയാൻ കഴിയുകയില്ല. കൊച്ചുകുട്ടികളെ ശാസിക്കുന്നവർ അതിലേക്ക് ശാന്തമായ മാർഗ്ഗത്തേയും ലഘുവായ ശിക്ഷകളേയും ഉപയോഗിക്കുന്നു. അവിടത്തേക്ക് എന്നെ അപ്രകാരം ശാസിക്കാമായിരുന്നു. എന്തെന്നാൽ ശാസന സംബന്ധിച്ചിടത്തോളം വാസ്തവത്തിൽ ഞാൻ ഒരു കുട്ടി തന്നെ.

ഇയാഗൊ:—എന്തു സംഗതി? സ്വാമിനി.

എമിലിയാ:—കഷ്ടം! കഷ്ടം! നമ്മുടെ യജമാനൻ അത്രഭവതിയെ വേശ്യയാക്കി; നിഷ്കളങ്കകളായ സതികൾക്കു സഹിക്കാൻ പാടില്ലാത്തവിധം അത്ര്യധികം ജുഗുപ്സാകാരികളും അനാദരങ്ങളുമായ ദുൎവഹമായ വാക്കുകളെ ഇവരുടെ നേക്ക് പ്രയോഗിച്ചു.

ഡെസ്ഡിമോണ:—ഞാൻ ആ പേരുകാരിയാണോ, ഇയാഗോ?

ഇയാഗോ:—ഏതു പേരു്? സ്വാമിനീ!

ഡെസ്ഡിമോണ:—എൻെറ നാഥൻ എന്നെ വിളിച്ചതായി ഇവൾ പറയുന്ന പേരു്.

എമിലിയാ:—അവിടന്നു് അത്രഭവതിയെ വേശ്യ എന്നു വിളിച്ചു. ഒരു പോക്കിരിപോലും കള്ളുകുടിച്ചു മതി മറന്നിരിക്കുമ്പോൾ അവൻെറ വെപ്പാട്ടിയെ ആ പേരു പറഞ്ഞു വിളിക്കയില്ല.

ഇയാഗോ:—അങ്ങിനെ വിളിക്കാൻ കാരണമെന്തു്?

ഡെസ്ഡിമോണ:—എനിക്കു് അറിഞ്ഞുകൂടാ. ഞാൻ ആവിധക്കാരിയല്ലെന്നു് എനിക്കു നിശ്ചയം തന്നെ.

ഇയാഗോ—കരയരുതു്; കരയേണ്ട, കഷ്ടം!

എമിലിയാ:—വേശ്യ എന്നു പറഞ്ഞു കേൾക്കാനായിട്ടാണോ അവൾ വിവാഹാൎത്ഥികളായി വന്ന അനേകം വിശിഷ്ടരായ രാജവരന്മാരേയും, അവളുടെ അച്ഛനേയും, അവളുടെ രാജ്യത്തേയും, അവളുടെ മിത്രങ്ങളേയും, ഉപേക്ഷിച്ചു് ഇവിടെ വന്നിരിക്കുന്നതു്. ഇതു കേട്ടാൽ ആരു് കരയാതിരിക്കും.

ഡെസ്ഡിമോണ:—അതു് എൻെറ കെട്ട വിധി തന്നെ.

ഇയാഗോ:—അതിലേക്കു് ആ യജമാനനെ തന്നെ കുററം പറയണം. അവിടത്തെ ഇപ്രകാരം തെററിദ്ധരിപ്പിച്ചു ചതിച്ചതു് ഏതുവിധം ആയിരിക്കും!

ഡെസ്ഡിമോണ:—ദൈവത്തിനു് അറിയാം.

എമിലിയാ:—സംശയമില്ല. ഏതോ ഒരു മഹാപാതകി, വലിയ കോളൻ, പരദൂഷണപ്രിയ, യജമാനൻെറ സേവപിടിക്കാൻ നടക്കുന്ന വഞ്ചകനായ നീചൻ, അവിടത്തെ പക്കൽ നിന്നു് വല്ല സഹായവും ലഭിക്കാനായി ഈ ദോഷം കെട്ടിച്ചമച്ചതായിരിക്കണം; നിശ്ചയം.

അങ്ങനെയല്ലെന്നു വന്നാൽ എന്റെ തല ഉത്തരം പറഞ്ഞുകൊള്ളട്ടെ.

ഇയാഗോ:—അങ്ങിനെയൊരുത്തൻ ഉണ്ടായിരിക്കയില്ല; അതു് തീരെ സംഭാവ്യം അല്ല.

ഡെസ്ഡിമോണ:—അവ്വണ്ണം ഒരുത്തൻ ഉണ്ടെങ്കിൽ ദൈവം അവന്റെ അപരാധത്തെ ക്ഷമിച്ചു് അവന്നു് മാപ്പുകൊടുക്കട്ടെ.

എമിലിയാ:—ഒരു തൂക്കുകയറു് അവന്നു മാപ്പുകൊടുക്കട്ടെ. നരകദേവതമാർ അവന്റെ എല്ലുകളെ കടിച്ചുമുറിക്കട്ടെ. യജമാനൻ ഈ സ്വാമിനിയെ വേശ്യ എന്നു് എന്തിനായി വിളിക്കുന്നു: അവരുടെ കൂടെ ആരു സഹവസിക്കുന്നു? ഏതു സ്ഥലത്തു്? ഏതു സമയത്തു്? നടക്കത്തക്കതോ? ഏതോ പരമദ്രോഹിയായ ഒരു കള്ളൻ ഏതോ ഒരു പരമനീചനായ ഒരു പിത്തലാട്ടക്കാരൻ, ഏതോ പരമആഭാസനായ ഒരു കോളൻ, നമ്മുടെ യജമാനനോടു കളവുപറഞ്ഞു് അവിടത്തെ ചതിക്കുന്നു. ജഗദീശാ! ഇത്തരത്തിലുള്ള ചുഴിപ്പന്മാരെ വെളിപ്പെടുത്തി ആ ദ്രോഹികളെ ഭൂമിയുടെ കിഴക്കെഅറ്റംതുടങ്ങി പടിഞ്ഞാറെ അറ്റംവരെ അടിച്ചോടിച്ചു് "തുപ്പറ"ത്തിക്കളെയുന്നതിന്നു് ഓരോ മര്യാദക്കാരന്റേയും കയ്യിൽ ഒരു കൊറടാവു കൊടുക്കുന്നതിന്നു് ദൈവമേ, കൃപ തോന്നണമേ.

ഇയാഗോ:—പതുക്കെ സംസാരിക്കു.

എമിലിയാ:—കഷ്ടം! കഷ്ടം! ഇന്നു് ഈ ആളുകൾ ഈ മണ്ണിൽ ഇല്ലാതായാൽ ഈ ലോകം സ്വർഗ്ഗം തന്നെ. ഇത്തരത്തിൽ ഉള്ള ഒരു ദുഷ്ടൻ തന്നെയാണു്

അങ്ങേടെ ബുദ്ധിയേയും മലിനമാക്കി വിപരീതദൃഷ്ടി ജനിപ്പിച്ച് ആമൂരിയുമായി എനിക്ക സംസൎഗ്ഗം ഉണ്ടെന്ന് അങ്ങേയ്ക്കു് ശങ്ക ജനിക്കാൻ ഇടയാക്കിയതു്.

ഇയാഗോ:—പോടി മൂഢേ, മതി, മതി.

ഡെസ്ഡിമോണ:—അയ്യോ! ഗുണവാനായ ഇയാഗോവേ, എന്റെ നാഥൻ വീണ്ടും എന്നെ സ്നേഹിക്കാൻ ഞാൻ എന്താണ് ചെയ്യേണ്ടതു്? ഗുണവാനായ ചങ്ങാതി! നീ അവിടത്തെ അടുക്കൽ ചെല്ലൂ. ഇതാ കാണുന്ന ദിവ്യജ്യോതിസ്സാണേ, അദ്ദേഹം എനിക്ക് എങ്ങിനെ നഷ്ടനായി എന്നു ഞാൻ അറിയുന്നില്ല. ഇതാ ഞാൻ താണുവീണു നമസ്കരിക്കുന്നു. ഞാൻ മനസാ വാചാ കൎമ്മണാ അദ്ദേഹത്തിന്റെ സ്നേഹത്തിന് വിരുദ്ധമായി വല്ല അതിക്രമണവും എപ്പോഠം എങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ ഇതാ ഞാൻ സകല ഇഹലോകസുഖങ്ങളേയും സത്യംചെയ്തു് ഉപേക്ഷിച്ചിരിക്കുന്നു. എന്റെ നേത്രങ്ങളോ, എന്റെ ശ്രോത്രങ്ങളോ, മററു ഇന്ദ്രിയങ്ങളോ, എന്റെ നാഥന്റെ രൂപത്തിൽ, അല്ലാതെ മറെറതെങ്കിലും രൂപത്തിൽ, പ്രേമം കൊണ്ടിട്ടുണ്ടെങ്കിൽ ഇഹലോകസുഖങ്ങഠം എല്ലാം എന്നന്നേക്കും എന്നെ ഉപേക്ഷിച്ചിരിക്കട്ടെ. ഇപ്പോഴും ഞാൻ അവിടത്തെ പ്രീതിപുരസ്സരം സ്നേഹിക്കതന്നെ ചെയ്യുന്നു. ഞാൻ ഇന്നുവരെ അവിടത്തെ സ്നേഹിച്ചുതന്നെ ഇരുന്നു; നാളെയും അവിടത്തെ സ്നേഹിച്ചുകൊണ്ടുതന്നെയിരിക്കും; ഞാൻ എന്നും അവിടത്തെ ഗാഢമായി സ്നേഹിച്ചുകൊണ്ടുതന്നെയിരിക്കും. നിൎദ്ദയതചം അധികം ഉപദ്രവത്തെ വരുത്തുമാ

യിരിക്കും. അദ്ദേഹത്തിന്റെ നിർദ്ദയത്വം എന്റെ പ്രാണനെ നശിപ്പിക്കുമായിരിക്കും. എന്നുവരികിലും എന്റെ സ്നേഹഭക്തിയെ കളങ്കപ്പെടുത്താൻ ഒരിക്കലും ശക്തമായിരിക്കയില്ല. വേശ്യ എന്ന വാക്ക് ഞാൻ എങ്ങിനെ ഉച്ചരിക്കും? അതു ഭയത്തെ ജനിപ്പിക്കുന്നതായിരിക്കുന്നു. ആ വാക്ക് ഞാൻ ഇപ്പോൾ ഉച്ചരിക്കുന്നു. ആ പേരു് സമ്പാദിക്കുന്നതായ പ്രവൃത്തി ചെയ്യുന്നതിനു സകലലോകങ്ങളിലും ഉള്ള ദുർവൃത്തം അത്രയും പിണ്ഡാകാരമായി ചേൎന്നുവന്നാലും എന്നെ പ്രേരിപ്പിക്കാൻ ശക്തം ആകയില്ല.

ഇയാഗോ:—അത്രഭവതി അല്പം ക്ഷമിച്ചിരിക്കണം. ഇതു് അദ്ദേഹം എന്തോ തൽക്കാലകോപത്തിന്മേൽ പറഞ്ഞതാണു്. രാജ്യഭരണക്ലേശം നിമിത്തം വല്ലാത്ത ഖേദം അവിടത്തെ പിടികൂടീട്ടുണ്ടു്. അതിനാൽ അത്രഭവതിയെ അധിക്ഷേപിച്ചു എന്നേയുള്ളു.

ഡെസ്ഡിമോണ:—മററു വല്ല കാരണവും ഇല്ലെങ്കിൽ—

ഇയാഗോ:—മററു കാരണം ഒന്നും ഇല്ല. ഞാനല്ലേ ഉറപ്പുപറയുന്നതു്. (ഭേരിശബ്ദംകേട്ടു്) ഈ ശബ്ദം അത്താഴത്തിനായി ക്ഷണിക്കയാണു്. പാചകന്മാർ അവിടത്തെ വരവു കാത്തിരിക്കയാണു്. അകത്തു പോകാമല്ലോ. ദുഃഖിക്കരുതു്; എല്ലാം മംഗളമായി അവസാനിക്കും.

[എല്ലാവരും പോയി]

രംഗം ൩

(അഥല്ലൊ, ലഡോവികോ, ഡെസ്ഡിമോണ, എമിലിയം, ഇവരും സേവകന്മാരും പ്രവേശിക്കുന്നു)

ലഡോവികോ:—ഞാൻ ഒന്നു പറയുന്നു. അവിടന്നു് ഇനി അധികം ക്ലേശിക്കേണ്ട.

അഥല്ലൊ:—അങ്ങനെയൊന്നും ഇല്ല. അല്പം നടക്കുന്നതു് എനിക്കു സുഖകരം ആയിരിക്കും.

ലഡോവികോ:—അത്രഭവതി, ഞാൻ പോയ് വരട്ടെ; അത്രഭവതി ചെയ്തതു മഹാനുഗ്രഹം ആയി.

ഡെസ്ഡിമോണ:—അവിടന്നു് ഏതു കാലത്തും ഇങ്ങോട്ടു വരുന്നതു് സന്തോഷം ആയിരിക്കും.

അഥല്ലൊ:——നിങ്ങൾ നടക്കാമല്ലോ-ഡെസ്ഡിമോണാ.

ഡെസ്ഡിമോണ:—പ്രാണനാഥാ!

അഥല്ലൊ:—വേഗം ചെന്നു കിടക്കു, ഞാൻ ഇതാ മടങ്ങി വരുന്നുണ്ടു്; തവണക്കാരിയെ ഇവിടെവച്ചുതന്നെ പറഞ്ഞയച്ചേക്കു. അങ്ങനെതന്നെ ചെയ്യണം കേട്ടോ.

ഡെസ്ഡിമോണ;—അങ്ങനെതന്നെ.

(അഥല്ലൊവും ലഡോവികോവും സ്നേഹിതന്മാരും പോയി)

എമിലിയാ:—ഇപ്പഴത്തെ സ്ഥിതി എന്തു്? യജമാനൻ മുമ്പിലത്തേക്കാൾ ശാന്തനായിരിക്കുന്നു.

ഡെസ്ഡിമോണ:—ഉടൻതന്നെ ഇങ്ങോട്ടു വരും എന്നു പറഞ്ഞിരിക്കുന്നു. ഞാൻ കിടക്കയിൽ പൊയ്ക്കൊള്ളണം എന്നു് ആജ്ഞാപിച്ചു. നിന്നെ പറഞ്ഞയച്ചേക്കണം എന്നും പറഞ്ഞു.

എമിലിയാ:—എന്നെ പറഞ്ഞയച്ചേക്കയോ?

ഡെസ്ഡിമോണ:—എന്നാണ് അവിടത്തെ വാക്ക്. അതുകൊണ്ട് എൻെറ ഗുണവതിയായ എമിലി, ഞാൻ രാത്രിയുടുക്കുന്ന പുടവ കൊണ്ടു തന്നുംവച്ചു പൊയ്ക്കൊള്ളു. നാം ഇപ്പോൾ അദ്ദേഹത്തിന് അപ്രീതി വരുത്തരുത്.

എമിലിയാ:—അത്രഭവതി ആ യജമാനനെ ഒരിക്കലും കണ്ടിട്ടില്ലാ എന്നിരുന്നെങ്കിൽ എന്തു ഭാഗ്യമായിരുന്നേനെ.

ഡെസ്ഡിമോണ:—ഞാൻ അങ്ങിനെ വിചാരിക്കയില്ല. അദ്ദേഹത്തിൻെറ ശാഠ്യവും അദ്ദേഹത്തിൻെറ ശകാരങ്ങളും ഭ്രൂവിക്ഷേപങ്ങളും കൂടി—എൻെറ ഉടുപ്പിനെ അഴിച്ചിട്ടുക്കൂ—സ്നേഹപൂൎണ്ണങ്ങളും കരുണാപൂൎണ്ണങ്ങളും ആയി എനിക്കു തോന്നുമാറു് എൻെറ സ്നേഹം അഭിമാനിക്കുന്നു.

എമിലിയാ:—കിടക്കയിൽ വിരിക്കണം എന്നു പറഞ്ഞതായ പുടവകളെത്തന്നെ കിടക്കയിൽ വിരിച്ചിട്ടുണ്ട്.

ഡെസ്ഡിമോണ:—എല്ലാം ഒന്നുതന്നെ; എന്തായാലെന്തു്? സത്യത്തിങ്കൽ നമ്മുടെ മനസ്സുകൾ എത്ര മൂഢങ്ങൾ ആയിരിക്കുന്നു. നിനക്കു മുമ്പേ ഞാൻ മരിക്കുന്നതായാൽ, ഈ പുടവകളിൽ തന്നെ ഒന്നുകൊണ്ട് എന്നെ പുതയ്ക്കണം.

എമിലിയാ:—മതി, മതി, അത്രഭവതി പുലമ്പുന്നു.

ഡെസ്ഡിമോണ:—എൻെറ അമ്മയുടെ ബർബാരാ എന്ന പേരുള്ള ഒരു ചേടി ഉണ്ടായിരുന്നു. അവൾ ഒരു പുരുഷനെ കാമിച്ചിരുന്നു. അവളുടെ കാമുകന്ന് ഭ്രാന്തുപിടിച്ചു. അവൻ അവളെ ഉപേക്ഷിച്ചു. അവൾക്ക് ഒരു അരളിപ്പാട്ടുണ്ട്. അതു പഴയ പാട്ടാണ്. ആ പാട്ട് അവളുടെ ചരിത്രത്തെ മുഴുവനും വർണ്ണിക്കും. അവൾ ആ പാട്ടു പാടിക്കൊണ്ടിരിക്കവേ മരിച്ചു. ആ പാട്ട് ഇന്നു രാത്രി എൻെറ മനസ്സു വിട്ടുപോകുന്നില്ല. എനിക്കു വളരെയെല്ലാം ചെയ്യാനുണ്ട്. എന്നാൽ ഒരു വശത്ത് തല ചാച്ചുകിടന്ന് പാവപ്പെട്ട ബർബാരയെപ്പോലെ പാടിക്കൊണ്ടു കിടക്കേണ്ടിയിരിക്കുന്നു. എന്നാൽ വേഗത്തിൽ ആകട്ടെ. * * * * *

അങ്കം ൫. രംഗം ൨.

ഒരു പള്ളിയറ.

ഡെസ്ഡിമോണ പള്ളിമെത്തയിൽ ഉറങ്ങിക്കിടക്കുന്നു. ഒരു വിളക്കു കത്തിക്കൊണ്ടിരിക്കുന്നു. അഥല്ലൊ പ്രവേശിക്കുന്നു.

അഥല്ലൊ:—ഹാ! കഷ്ടം! കഷ്ടം!, ഇത്ര കോമളമായ ഒരു ഉടലിനകത്ത് ഇത്ര കക്കശമായ ഒരു ഹൃദയം സ്ഥിതിചെയ്യുന്നുവല്ലോ? ഇത്ര മനോഹരമായ മുഖകാന്തികൊണ്ട് ഇത്ര മനോവികൃഷ്ടമായ ചിത്തശുദ്ധിയെ ആച്ഛാദനം ചെയ്തുവച്ചിരിക്കുന്നുവല്ലോ? ഇവൾ എൻെറ വിശ്വാസഭാജനമായിരുന്നുകൊണ്ട് വിശ്വാസഭഞ്ജനം ചെയ്തിരിക്കുന്നു. ഇതുകണ്ട് പാമരന്മാരെപ്പോലെ ഞാൻ കോപാന്ധനാകുന്നില്ല. വിശ്വാസവഞ്ചനയുടെ-സതീധർമ്മം വിട്ടു

തിന്ന്-പകപൂണ്ടു പകരം വീട്ടുന്നതിന്ന്-എന്റെ മനസ്സു തയ്യാറില്ല. പിന്നെ [കുറെനേരം ആലോചിച്ചിട്ട്] അതുതന്നെ കാരണം; അതു തന്നെ; ശുചിയായ നക്ഷത്രങ്ങളേ! നിങ്ങളെ ഞാൻ അറിയുന്നില്ല. അതുതന്നെ കാരണം. എന്നിരിക്കിലും ഞാൻ അവളുടെ ചോര പൊട്ടിക്കയില്ല. ഹിമത്തെക്കാൾ ശുഭ്രതരവും ശ്വേതശിലപോലെ സുകുമാരവും ആയ അവളുടെ ശരീരത്തിൽ പരിക്കുകൾ ഏല്പിക്കയും ഇല്ല. എന്നാലും അവൾ മരിക്കതന്നെ വേണം. അല്ലാതിരുന്നാൽ അവൾ ഇനിയും അനേകം പുരുഷന്മാരെ ചതിക്കും. വെളിച്ചം കെടുത്തു; പിന്നെ- വെളിച്ചം കെടുത്തുകയോ? കത്തിയെരിയുന്ന വിളക്കേ, നിന്നെ ഞാൻ ഒരിക്കൽ കെടുത്തുകളഞ്ഞാൽ, അതു ശരിയായില്ല എന്ന് എനിക്ക് പശ്ചാത്താപം തോന്നുമ്പോൾ, നിൻെറ മുമ്പത്തെ വെളിച്ചം നിന്നിൽ വീണ്ടും ഉണ്ടാക്കിത്തരാൻ എനിക്കു കഴിയും. എന്നാൽ സൃഷ്ടിവൈശിഷ്ട്യത്തിൻെറ ഉത്തമമാതൃകേ! നിൻെറ വെളിച്ചത്തെ ഞാൻ ഒരിക്കൽ കെടുത്തുകളഞ്ഞാൽ നിൻെറ പ്രകാശത്തെ വീണ്ടും ഉജ്ജ്വലിപ്പിക്കത്തക്കതായ ദിവ്യാഗ്നി എവിടെയുണ്ട് എന്ന് എനിക്ക് അറിഞ്ഞുകൂടാ. നിൻെറ സൗന്ദര്യപുഷ്പത്തെ ഞാൻ പറിച്ചെടുത്തു കഴിഞ്ഞാൽ ആ പുഷ്പത്തിന്നു ജീവകമായ വളർച്ചയെ വീണ്ടും ഉളവാക്കുവാൻ എനിക്കു ശക്തിയില്ല. അതു വാടിയുണങ്ങിപ്പോവുകയേയുള്ളു. അതുകൊണ്ടു് അതു വൃക്ഷത്തിൽ നില്ക്കുമ്പോഴേ ഞാൻ അതിനെ മണപ്പിക്കാം. (അവളെ

ചുംബനംചെയ്യുന്നു) ഹാ! ദിവ്യപരിമളമായ ശ്വാസമേ, ധമ്മരാജൻപോലും തന്റെ ഖഡ്ഗത്തെ മുറിക്കാൻ അഗ്രേഹത്തെ അനനയിപ്പിക്കുന്നതായ ദിവ്യശ്വാസമേ, ഒന്നു കൂടി-ഒന്നുകൂടി-നീ മരിച്ചാലും ഇങ്ങനെതന്നെ ഇരിക്കണം; ഞാൻ നിന്നെ കൊല്ലും. അതിൽ പിന്നെ നിന്നെ സ്നേഹിക്കും. ഒന്നുകൂടി-ഇതു് ഒടുവിലത്തേതാണു്. ഇത്രയധികം മധുരമായ ചുംബനം ഒരിക്കലും ഇത്രയധികം മരണഹേതുകം ആയിരുന്നിട്ടില്ല. ഞാൻ കരഞ്ഞേ തീരൂ. പക്ഷേ അതു ക്രൂരമായ കണ്ണുനീരാണു്. ഈ എന്റെ ദുഃഖം ഈശ്വരപ്രേരിതം ആകുന്നു. അതു സ്നേഹിക്കുന്നേടത്തു് ചെന്നു ചേരുന്നു. ഹാ! അവർ ഉണരുന്നു.

ഡെസ്ഡിമോണ—ആരവിടെ ആയ്യപുത്രനോ?

അഥല്ലോ—അതെ, ഡെസ്ഡിമോണ.

ഡെസ്ഡിമോണ—പ്രാണനാഥ, കിടക്കാൻ വരുന്നുവോ?

അഥല്ലോ—ഡെസ്ഡിമോണ; നീ ഇന്നു രാത്രി ഈശ്വരപ്രാത്ഥന കഴിച്ചുവോ?

ഡെസ്ഡിമോണ—കഴിച്ചു, നാഥാ.

അഥല്ലോ:—നീ വല്ല അപരാധവും ചെയ്തിട്ടുണ്ടായിരിക്കയും അതിനെ ക്ഷമിച്ചു മാപ്പു തരുന്നതിനായി ദൈവത്തോടു പ്രാത്ഥിച്ചു മാപ്പു കിട്ടാതിരിക്കയും ചെയ്യുന്നതായാൽ ഉടൻതന്നെ ഒരിക്കൽക്കൂടി മാപ്പു ചോദിക്കു.

ഡെസ്ഡിമോണ:—അയ്യോ, പ്രാണനാഥ, കല്പിച്ചതിൻെറ താത്പയ്യം എന്തു്?

അഥല്ലോ:—അപ്രകാരം ചെയ്യൂ; വേഗത്തിൽ ആട്ടെ. ഞാൻ അടുത്തു് അല്പം നടന്നുകൊണ്ടിരിക്കാം. നിൻെറ അസന്നദ്ധമായ ആത്മാവിനെ ഞാൻ കൊല്ലുകയില്ല. ഹാ! ദൈവം തടുക്കട്ടേ! ഞാൻ നിൻെറ ആത്മാവിനെ വധിക്കയില്ല.

ഡെസ്ഡിമോണ:—അവിടന്നു് വധത്തെപ്പററി സംസാരിക്കുന്നുവോ?

അഥല്ലോ:—അതേ.

ഡെസ്ഡിമോണ:—എന്നാൽ ദൈവമേ, എന്റെ പേരിൽ കരുണ തോന്നണേ.

അഥല്ലോ:—സർവ്വാത്മനാ തഥാസ്തു.

ഡെസ്ഡിമോണ:—അപ്രകാരം ചെയ്യുന്നതായാൽ അവിടന്നു് എന്നെ വധിക്കയില്ല എന്നു ഞാൻ വിശ്വസിക്കുന്നു.

അഥല്ലോ:—ഹും.

ഡെസ്ഡിമോണ:—എന്നിട്ടും ഞാൻ അവിടത്തെ പേടിക്കുന്നു. അവിടത്തെ കണ്ണുകൾ ഈ വിധം ഉരുട്ടിക്കൊണ്ടിരിക്കുന്ന കാലത്തു് അവിടന്നു് ആളുകളെ കൊല്ലുക പതിവാണു്. പാതകിത്വം ഞാൻ അറിഞ്ഞിട്ടില്ലാത്ത സ്ഥിതിക്കു് ഞാൻ എന്തിനായി പേടിക്കണം എന്നു് അറിയുന്നില്ല. എന്നിരുന്നാലും ഞാൻ ഭയാവിഷ്ടയായിരിക്കുന്നു എന്നു് എനിക്കു തോന്നുന്നു.

അഥല്ലോ:—നിൻെറ പാപകർമ്മങ്ങളെ ഓർത്തു് അതുകളെപ്പററി ചിന്തിക്കൂ.

ഡെസ്ഡിമോണ:—അവ അവിടത്തേ നേക്ക് എനിക്കുള്ള സ്നേഹം അത്രേ.

അഥല്ലോ:—അതേ, അതിലേക്കായിട്ടുതന്നെയാണ് നീ ഇപ്പോൾ മരിക്കുന്നതു്.

ഡെസ്ഡിമോണ:—സ്നേഹിച്ചതിനു പ്രതിഫലമായി ലഭിക്കുന്ന മരണം പ്രകൃതിവിരുദ്ധമാണല്ലോ. അയ്യോ! അവിടന്നു് എന്തിനായി ഈവിധം അവിടത്തെ അധരത്തെ കടിച്ചുമുറിക്കുന്നു. എന്തോ ഒരു ക്രൂരമായ മനഃക്ഷോഭം അവിടത്തെ ശരീരത്തെത്തന്നെ കിടുകിട വിറപ്പിക്കുന്നു. ഇവ ദുശ്ശകുനങ്ങളാണു്. എന്നിരുന്നാലും അവ എന്റെ നേക്ക് ചൂണ്ടിക്കാണിക്കുന്നില്ലെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു.

അഥല്ലോ:—മിണ്ടാതിരിക്കൂ; അനങ്ങരുതു്.

ഡെസ്ഡിമോണ:—അങ്ങനെയിരിക്കാം. എന്താണു് സംഗതി?

അഥല്ലോ:—ആ കൈലേസ്; ഞാൻ അത്ര വളരെ പ്രിയമായി വച്ചുകൊണ്ടിരുന്നതിനെ നിനക്കു തന്നു. നീ അതിനെ കാഷിയോവിനു കൊടുത്തു.

ഡെസ്ഡിമോണ:—എന്നാണോ? എന്റെ പ്രാണനാണേ ഞാൻ കൊടുത്തിട്ടില്ല. അയാളെ വിളിച്ചുവരുത്തി ചോദിച്ചാലും.

അഥല്ലോ:—സൂക്ഷിച്ചോ—കള്ളസാക്ഷ്യം പറയുന്നതായ് പാപംകൂടി ചെയ്യാതെ സൂക്ഷിച്ചോ. നീ ഇപ്പോൾ നിന്റെ മരണശയ്യയിൽ കിടക്കയാണു്.

ഡെസ്ഡിമോണ:—അതേ, എന്നാൽ മരിക്കാനായിട്ടല്ല.

അഥെല്ലോ:—അതേ. ഇപ്പോൾതന്നെ. അതുകൊണ്ട് നിന്റെ പാപകൎമ്മത്തെ തടവെന്നിയേ എററു പറയൂ. ഓരോ പ്രവൃത്തിയേയും സത്യംചെയ്ത് ഇല്ലാ എന്നു പറയുന്നതായാൽ ആ സത്യംചെയ്യലിന്, എന്റെ കഷ്ടപ്പാടിന് ഹേതുഭൂതമായ എന്റെ ദൃഢബോധത്തെ—നീ കുററക്കാരിയാണെന്നുള്ള എന്റെ ബോധത്തെ—അകററാനോ നശിപ്പിക്കാനോ ശക്തിയുണ്ടായിരിക്കയില്ല. നീ നിശ്ചയമായും മരിക്കണം.

ഡെസ്ഡിമോണ:—എന്നാൽ ദൈവമേ, എന്റെ പേരിൽ കരുണ തോന്നണമേ.

അഥെല്ലോ:—തഥാസ്തു എന്നു ഞാനും പറയുന്നു.

ഡെസ്ഡിമോണ—അവിടത്തേയ്ക്കും എന്റെ നേൎക്ക കരുണ തോന്നേണമേ. ഈ ജന്മത്തിൽ ഒരിക്കലും ഒരു അപരാധവും അവിടത്തേക്കു ഞാൻ ചെയ്തിട്ടില്ല. തന്നെപ്പോലെ തന്റെ അയൽക്കാരനെ സ്നേഹിക്കണം എന്നുള്ള ദൈവകല്പനപ്രകാരം ഞാൻ കാഷിയോവിനെ സ്നേഹിച്ചിട്ടുണ്ട്. ഞാൻ കാമിച്ചിട്ടില്ല. അയാൾ ആ വിധം ശങ്കിക്കാൻ അവകാശമോ ലക്ഷ്യമോ ഞാൻ കൊടുത്തിട്ടില്ല.

അഥെല്ലോ:—എടീ കള്ളസ്സത്യംചെയ്യുവളേ! ദൈവത്താണെ അവന്റെ കയ്യിൽ എന്റെ കൈലേസ് ഞാൻ കണ്ടിട്ടുണ്ട്. നീ എന്നെ കോപാകുലിതനാക്കി

എന്റെ മനസ്സിനെ കല്ലാക്കുകയും ഞാൻ പ്രവൎത്തിക്കാൻ ഉദ്ദേശിച്ചിരിക്കുന്ന പ്രവൃത്തി ഒരു ഈശ്വരാൎപ്പണയാഗം എന്നു വിചാരിച്ചിരുന്നിരിക്കെ നീ അതിനെ കൊലപാതകം ആക്കുകയും ചെയ്യുന്നു. ഞാൻ ആ കൈലേസ് അവന്റെ കയ്യിലിരിക്കുന്നതു കണ്ടു.

ഡെസ്ഡിമോണ:—എന്നാൽ അതു് അയാൾ എടുത്തുകൊണ്ടു പോയതായിരിക്കണം. ഞാൻ അതു് അയാൾക്കു കൊടുത്തിട്ടില്ല. ആളയച്ചു് അവനെ വരുത്തുക തന്നെ. അവൻ സത്യം സമ്മതിച്ചു പറയട്ടെ.

അഥല്ലോ:—അവൻ ഏററു പറഞ്ഞുകഴിഞ്ഞു.

ഡെസ്ഡിമോണ:—എന്തു പറഞ്ഞു എന്റെ പ്രാണനാഥാ.

അഥല്ലോ:—അവൻ നിന്നെ ഉപയോഗിച്ചിട്ടുണ്ടെന്നു്.

ഡെസ്ഡിമോണ:—എങ്ങിനെ? ന്യായവിരുദ്ധമായിട്ടോ?

അഥല്ലോ:—അതേ.

ഡെസ്ഡിമോണ:—അവൻ അങ്ങനെ പറയുകയില്ല.

അഥല്ലോ:—അവന്റെ മുഖത്തെ അടച്ചുകളഞ്ഞു. സത്യവാനായ ഇയാഗോവിനോടു് അതിനു് ആജ്ഞാപിച്ചുകഴിഞ്ഞു.

ഡെസ്ഡിമോണ:—എന്റെ ആശങ്ക ഇതിനെ വ്യാഖ്യാനിക്കുന്നു. കഷ്ടം! അവൻ മരിച്ചുപോയോ?

അഥല്ലോ:—അവൻെറ ഓരോ രോമവും ഓരോ പ്രാണൻ ആയിരുന്നാലും അവയെല്ലാവറേറയും ദഹിപ്പിക്കുന്നതിനു് എൻെറ പ്രതീകാരത്തിനു ശക്തിയുണ്ടു്.

ഡെസ്ഡിമോണ:—അവനെ ആരോ വഞ്ചിച്ചു; ഞാനും നഷ്ടയായി.

അഥല്ലോ:—കുലടേ, എൻെറ മുമ്പാകെ നീ അവനെ വിചാരിച്ചു കരയുന്നുവോ?

ഡെസ്ഡിമോണ:—എന്നെ നാട്ടുകടത്തിയേക്കൂ, എൻെറ പ്രാണനാഥാ; എന്നെ കൊല്ലരുതേ.

അഥല്ലോ:—അവിടെക്കിടാ, കുലടേ.

ഡെസ്ഡിമോണ:—എന്നെ നാളെക്കൊല്ലൂ, ഇന്നു രാത്രി ഞാൻ ജീവനോടിരിക്കട്ടെ.

അഥല്ലോ:—ഇല്ലാ. നീ തടുക്കുന്നതായാൽ—

ഡെസ്ഡിമോണ:—അരമണി നേരമെങ്കിലും?

അഥല്ലോ:—ഒട്ടും താമസം പാടില്ല.

ഡെസ്ഡിമോണ:—ഈശ്വരസ്തോത്രം പറയുന്ന നേരം എങ്കിലും.

അഥല്ലോ:—ഇപ്പൊഴേ കാലം അതിക്രമിച്ചുപോയി.

(അവൻ അവളെ ശ്വാസംമുട്ടിച്ചു കൊല്ലുന്നു)

ഇതി ശം.

UNIVERSITY LIBRARY
25 JUL 19 9
MADRAS
B 122

MUL
058582